# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വിതുര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വിഎം/ജി.പി.6/1819/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 27/12/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വിതുര ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : വിതുര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വിതുര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വിഎം/ജി.പി.6/1819/23 തീയ്യതി: 27/12/2023

## തിരുവനന്തപുരം ജില്ലയിലെ വിതുര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ വിതുര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 42 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ശ്രീജ.കെ | ഡെപ്യൂട്ടി ഡയറക്ടർ (ഹഗ്രേ) | 24-11-2023 | 02-12-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 24-11-2023 | 02-12-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി .ലീന.പി.ബി (ഓഡിറ്റ് ഓഫീസർ ഹ.ഗ്രേ)

ശ്രീ.അൻവർ രാജ് .എം. ( സീനിയർ ഗ്രേഡ് ഓഡിറ്റർ)

ശ്രീമതി. കല.പി (ഓഡിറ്റർ)

ശ്രീ.രഞ്ജിത്ത് .സി (ഓഡിറ്റർ)

ശ്രീ നിധിൻ കുമാർ പി വി (ഓഡിറ്റർ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.വി.എസ്. ബാബുരാജ് | പ്രസിഡന്റ് | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീ.വി.എസ്.അനുസചേതനൻ | സെക്രട്ടറി | 01-04-2022 | 30-06-2022 |
| ശ്രീമതി.പ്രീത.എസ്.നായർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-07-2022 | 14-09-2022 |
| ശ്രീ.വി.എസ്.അനുസചേതനൻ | സെക്രട്ടറി | 15-09-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. അനാമിക | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോക്ടർ.കിരൺ | വെറ്റിനറി സർജൻ | 01-04-2022 | 31-03-2023 |
| ഡോക്ടർ.രശ്മി | മെഡിക്കൽഓഫീസർ .പി.എച്ച്.സി | 01-04-2022 | 31-03-2023 |
| ശ്രീമതി.പ്രീത.എസ്.നായർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 19-10-2022 |
| ശ്രീമതി.ജീജ ആൽബർട്ട് | അസിസ്റ്റന്റ് സെക്രട്ടറി | 20-10-2022 | 31-03-2023 |
| ശ്രീമതി.സുജിതമാത്യു | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീ.പ്രശാന്ത് | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2022 | 31-03-2023 |
| ഡോക്ടർ.ദീപ | മെഡിക്കൽഓഫീസർ .ഹോമിയോ | 01-04-2022 | 09-04-2022 |
| ഡോക്ടർ.ജ്യോതി സായി | മെഡിക്കൽഓഫീസർ ഹോമിയോ | 10-04-2022 | 30-11-2022 |
| ഡോക്ടർ.നിഷ | മെഡിക്കൽഓഫീസർ ഹോമിയോ | 01-12-2022 | 31-03-2023 |
| ശ്രീമതി.സുജ | ഹെഡ്മിസ്ട്രസ് | 01-04-2022 | 31-03-2023 |
| ശ്രീമതി.ആര്യദിവാകരൻ | വി.ഇ.ഒ വിതുര സർക്കിൾ | 01-04-2022 | 31-10-2022 |
| ശ്രീ.അജ്മൽ.എ | വി.ഇ.ഒ വിതുര സർക്കിൾ | 01-11-2022 | 31-03-2023 |
| ശ്രീ. ഗൗരീശങ്കർ | വി.ഇ.ഒ .ചായം സർക്കിൾ | 01-04-2022 | 31-03-2023 |
| ശ്രീ.ആർ.മധുസൂധനൻ നായർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-05-2022 |
| ശ്രീ.ജ്യോതിരാജ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-06-2022 | 05-09-2022 |
| ശ്രീമതി. സുധ.പി.വി | അസിസ്റ്റന്റ് എഞ്ചിനീയർ | 06-09-2022 | 31-03-2023 |
| ശ്രീമതി.ലേഖ.എ | ഡയറിഫാം ഇൻസ്ട്രക്ടർ | 01-04-2022 | 22-09-2022 |
| ശ്രീമതി.അഞ്ജന.ജെ.എസ് | ഡയറിഫാം ഇൻസ്ട്രക്ടർ | 23-09-2022 | 06-11-2022 |
| ശ്രീമതി.അമൃതരാജ് | ഡയറിഫാം ഇൻസ്ട്രക്ടർ | 07-11-2022 | 31-03-2023 |
| ഡോക്ടർ.അനുചന്ദ്രൻ | മെഡിക്കൽഓഫീസർ ആയുർവ്വേദം | 01-04-2022 | 18-06-2022 |
| ഡോക്ടർ.ഹരാജ | മെഡിക്കൽഓഫീസർ ആയുർവ്വേദം | 19-06-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | ആസ്തി രജിസ്റ്റർ ലഭ്യമാക്കിയില്ല | 1-1-2 |
| 4 | സ്റ്റോക്കിന്റെ മൂല്യം നിർണ്ണയിച്ച് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-3 |
| 5 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-1-4 |
| 6 | നൽകി മൂന്നുമാസത്തിൽ കൂടുതൽ ആയിട്ടും പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല. | 1-1-5 |
| 7 | ചെക്ക് നിക്ഷേപിച്ചു -ബാങ്കിൽ ക്രെഡിറ്റ് ആയില്ല | 1-1-6 |
| 8 | ബാങ്ക് റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ Directly Credited By Bank ആയി ചേർത്തിട്ടുള്ള തുകകൾ ക്രമീകരിച്ചിട്ടില്ല. | 1-1-7 |
| 9 | വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ഡിമാന്റ് - കളക്ഷൻ - ബാലൻസ് തുകകൾ പരസ്പരം പൊരുത്തപ്പെടുന്നില്ല | 1-1-8 |
| 10 | രജിസ്റ്റർ പ്രകാരമുള്ള ഡി സി ബി തുകകളിലും വാർഷിക കണക്ക പ്രകാരമുള്ള ഡി സി ബി തുകകളിലും വ്യത്യാസം കാണുന്നു. | 1-1-9 |
| 11 | ബാങ്ക് അക്കൗണ്ടുകളുടെ വിവരം വാർഷിക ധനകാര്യ പത്രികയിൽ B17- ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-10 |
| 12 | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം Deficit ബാലൻസ് രേഖപ്പെടുത്തിയിരിക്കുന്നു | 1-1-11 |
| 13 | നിക്ഷേപ പ്രവൃത്തികൾക്ക് വിവിധ ഏജൻസികൾക്ക് നല്കിയ തുക ക്രമീകരിച്ചിട്ടില്ല/ ക്രമീകരിച്ചതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല. | 1-1-12 |
| 14 | ബാലൻസ് ഷീറ്റ് - B-7 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പ് തുക പൊരുത്തപ്പെടുന്നില്ല. | 1-1-13 |
| 15 | ബജറ്റ് | 1-2 |
| 16 | ബജറ്റ് രൂപീകരണം | 1-2-1 |
| 17 | പുതുക്കിയ ബജറ്റ്, വാർഷിക ധനകാര്യ പത്രിക എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ | 1-2-2 |
| 18 | ബജറ്റ് പ്രകാരമുള്ള വരവും ചെലവും വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള യഥാർത്ഥ വരവും ചെലവും തമ്മിൽ വലിയ അന്തരം ഉള്ളതായി കാണുന്നു. | 1-2-3 |
| 19 | ഗ്രാന്റ് | 1-3 |
| 20 | വിവിധ ഫണ്ടുകളുടെ ചെലവ് ഇനത്തിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് , എ.സി.ആർ, എ.എഫ്.എസ് എന്നിവയിൽ താഴെപ്പറയും പ്രകാരം വ്യത്യാസമുണ്ട്. | 1-3-1 |
| 21 | മുൻവർഷത്തെ B-4 ഷെഡ്യൂൾ പ്രകാരമുള്ള ബാധ്യതകൾ നാളിതുവരെ ക്രമീകരിച്ചിട്ടില്ല | 1-3-2 |
| 22 | സാമ്പത്തിക അവലോകനം | 1-4 |
| 23 | പദ്ധതി ആസൂത്രണം | 1-5 |
| 24 | ക്ഷേമപദ്ധതികൾ | 1-6 |
| 25 | ക്ഷേമ പദ്ധതികളുമായി ബന്ധപ്പെട്ട പൂർണ്ണമായ രേഖകൾ ലഭ്യമാക്കിയില്ല | 1-6-1 |
| 26 | ക്യാഷ് ബാലൻസ് | 1-7 |
| 27 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 28 | ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- പൊതു അവലോകനം | 1-9 |
| 29 | വരവ് ചെലവ് കണക്കുകൾ | 1-9-1 |
| 30 | എം.എൻ.ആർ.ഇ.ജി.എസിന്റെ ക്യാഷ് ബുക്ക് പ്രകാരമുള്ള വരവ്,ചെലവ് എന്നിവ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള വരവ്,ചെലവുമായി പൊരുത്തപ്പെടുന്നില്ല. | 1-9-2 |

| | | |
|---|---|---|
| 31 | 2,50,000 /- രൂപയ്ക്ക് മുകളിൽ ചെലവായ മെറ്റീരിയൽ വർക്കുകൾക്ക് ജി.എസ്.ടി തുക ഉറവിടത്തിൽ കുറവ് ചെയ്തിട്ടില്ല | 1-9-3 |
| 32 | ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി--മറ്റു അപാകതകൾ | 1-9-4 |
| 33 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 34 | തനത് വരുമാനം സംബന്ധിച്ച നിരീക്ഷണം | 1-11 |
| 35 | തനത് വരുമാനം കൃത്യമായി പിരിച്ചെടുക്കാത്തതിനാൽ വികസനഫണ്ടിൽ നിന്നും 371820 രൂപ നഷ്ടമായി | 1-12 |
| 36 | 1944271 രൂപയുടെ തനത് വരുമാനം പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. | 1-13 |
| 37 | 2022-23 സാമ്പത്തിക വർഷം പുതുതായി നികുതി അസസ്സ് ചെയ്ത കെട്ടിടങ്ങളുടെ പെർമിറ്റ് സംബന്ധിച്ച വിവരം സഞ്ചയ സോഫ്റ്റ്‌വെയറിൽ ചേർത്തിട്ടില്ല | 1-14 |
| 38 | മുഴുവൻ വാണിജ്യ സ്ഥാപനങ്ങൾക്കും ലൈസൻസ് അനുവദിച്ച് നല്കിയിട്ടില്ല | 1-15 |
| 39 | ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-16 |
| 40 | വിവിധ പദ്ധതികളുടെ ധന വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. | 1-17 |
| 41 | വനിതകൾക്ക് യോഗ പരിശീലനം അധികമായി നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ് | 1-18 |
| 42 | കോവിഡ് ആരോഗ്യമേഖലയിലെ പ്രവർത്തനങ്ങൾ – ചെലവ് രേഖകൾ പരിശോധനയ്ക്ക് നൽകിയില്ല. 1,05,000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു | 1-19 |
| 43 | സ്മാർട് ഗാർബേജ് മോണിട്ടറിങ്ങ് സിസ്റ്റം -154900/- രൂപയുടെ ടാക്സ് ഇൻവോയ്സുകൾ ലഭ്യമാക്കിയില്ല. തുക തടസ്സത്തിൽ വയ്ക്കുന്നു. | 1-20 |
| 44 | അതി ദാരിദ്ര്യ നിർമ്മാർജ്ജന ഉപ പദ്ധതി - ചെലവ് രേഖകൾ ലഭ്യമാക്കിയില്ല. 40,145 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-21 |
| 45 | ജില്ലാ ക്യാൻസർ നിയന്ത്രണ പരിപാടി - ടാക്സ് ഇൻവോയ്സുകൾ പരിശോധനയ്ക്ക് നൽകിയില്ല | 1-22 |
| 46 | ആരോഗ്യ ജാഗ്രത പ്രവർത്തനങ്ങൾ (സ്പിൽ ഓവർ) -പദ്ധതിയുമായി ബന്ധപ്പെട്ട ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമായില്ല 11600 രൂപ തടസ്സപ്പെടുത്തുന്നു | 1-23 |
| 47 | എം.ജി.എൻ.ആർ.ജി.എസ്.സെക്ഷൻ ആഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങൾ - കെൽട്രോണിൽ നിന്നുമുള്ള ടാക്സ് ഇൻവോയ്സുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല | 1-24 |
| 48 | കേരളോത്സവം 2022 -ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല- 123800/-രൂപ തടസ്സപ്പെടുത്തുന്നു. | 1-25 |
| 49 | ഐ.എസ്.ഒ.സർട്ടിഫിക്കേഷൻ - കാലാവധി പുതുക്കലുമായി ബന്ധപ്പെട്ട് വരുന്ന ചെലവുകൾ ലഭ്യമായിട്ടില്ല-32382/- രൂപ തടസ്സപ്പെടുത്തുന്നു | 1-26 |
| 50 | പൊതുജനാരോഗ്യ വിഭാഗത്തിന് ലാപ്ടോപ്പ് പ്രോജക്ടർ വാങ്ങൽ (സ്പിൽ ഓവർ) - പദ്ധതിയുമായി ബന്ധപ്പെട്ട ചെലവ് രേഖകൾ പരിശോധനയ്ക്ക് നൽകിയില്ല - 37451/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-27 |
| 51 | സ്ത്രീപദവി പഠനം - പെണ്ണടയാളങ്ങൾ പദ്ധതി പൂർത്തിയാക്കിയില്ല | 1-28 |
| 52 | ഭിന്നശേഷിക്കാർക്കുള്ള സഹായ ഉപകരണങ്ങൾ - സ്റ്റോക്ക് രജിസ്റ്റർ അപാകത | 1-29 |
| 53 | പൊതുശ്മശാന നിർമ്മാണം - പൂർത്തിയായിട്ടില്ല | 1-30 |
| 54 | വൗച്ചർ പ്രകാരമുള്ള ചെലവ് സാധൂകരിക്കുന്ന രേഖകൾ ഉൾപ്പെടുത്തിയിട്ടില്ല | 1-31 |
| 55 | സോളാർ ഫെൻസിംഗ് - സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല | 1-32 |
| 56 | ജലസേചന പമ്പ് സെറ്റ് വിതരണം - അപേക്ഷകളിൽ അപാകതകൾ | 1-33 |
| 57 | ഹരിത സഹായ സ്ഥാപനത്തിന് കൺസൾട്ടൻസിക്ക് ഫീസ് നൽകൽ - ടാക്സ് ഇൻവോയ്സുകൾ ലഭ്യമാക്കിയില്ല | 1-34 |
| 58 | ലൈഫ് ഭവന പദ്ധതി പ്രകാരം നല്കിയ ഗഡുക്കളുടെ വിവരം രേഖപ്പെടുത്തിയ രജിസ്റ്റർ ലഭ്യമാക്കിയില്ല | 1-35 |
| 59 | പി.എം.എ.വൈ അധിക വിഹിതം നൽകൽ - പൂർണ്ണമായ രേഖകൾ ഓഡിറ്റിന് | 1-36 |

| | | |
|---|---|---|
| | ലഭ്യമാക്കിയില്ല. 1570000 രൂപ തടസ്സപ്പെടുത്തുന്നു. | |
| 60 | വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട രജിസ്റ്ററുകളിലെ വിവരങ്ങൾ അപൂർണ്ണം | 1-37 |
| 61 | ഗുണഭോക്താവിന്റെ പേരിലെ അവ്യക്തത, കൃത്യമായ വിശദീകരണത്തിന്റെയും രേഖകളുടെയും അഭാവത്തിൽ 50000 രൂപ തടസ്സപ്പെടുത്തുന്നു. | 1-38 |
| 62 | ഗ്രാമ പഞ്ചായത്ത് ആഫീസിലേക്ക് ലാപ്ടോപ്പ്, പ്രിന്റർ വാങ്ങൽ - പ്രിന്റർ ലഭ്യമായതിന്റെ ടാക്സ് ഇൻവോയ്സ് ഹാജരാക്കിയില്ല | 1-39 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പാ /വായ്പാതരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി വിവരങ്ങൾ | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്ജ് സർചാർജ്ജ്നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻഅവശേഷിക്കുന്നഖണ്ഡികകളുടെഎണ്ണം | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് **31/07/23** തിയ്യതിയിലെ **1(1)** കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 31/07/23 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള **വിതുര** ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 31/2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-3-23 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, **വിതുര** ഗ്രാമപഞ്ചായത്തിന്റെ 2022-23വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 62 (2)(എ) പ്രകാരം വാർഷിക ധനകാര്യപത്രിക തയ്യാറാക്കുമ്പോൾ അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കണമെന്നും അതിൽ പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിജന്റ് ബാദ്ധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ എന്നിവ ഉൾപ്പെടുത്തേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ചട്ടം 62(2)(ബി) പ്രകാരം അക്കൗണ്ടിംഗ് മാന്വലിൽ നിർദ്ദേശിച്ചിരിക്കുന്ന സാമ്പത്തിക അനുപാതങ്ങൾ ഉൾപ്പെടുത്തി അടിസ്ഥാന അനുപാതങ്ങൾ തയ്യാറാക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ, വാർഷിക ധനകാര്യപത്രികയോടൊപ്പം അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. ബാലൻസ് ഷീറ്റ് ബി1 ഷെഡ്യൂളിലെ നീക്കിയിരിപ്പ് പരിശോധിക്കുന്നതിനാവശ്യമായ B-1 (ലാന്റ്സ്റ്റേയിപ്പിലുള്ളത്) ഷെഡ്യൂൾ വാർഷിക പത്രികക്കൊപ്പം ലഭ്യമല്ല. ഇതിന്റെ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ( 06/22, 24/11/23) മറുപടി ലഭ്യമാക്കിയില്ല.

### 1-1-2 ആസ്തി രജിസ്റ്റർ ലഭ്യമാക്കിയില്ല

2022-23 സാമ്പത്തിക വർഷത്തെ ഓഡിറ്റ് വേളയിൽ ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ആയതിനാൽ ആസ്തികൾ ആർജ്ജിച്ച തീയതി, മൂല്യം, മൂല്യശോഷണം, മൂല്യവർദ്ധനവ് എന്നീ വിവരങ്ങൾ പരിശോധിക്കാൻ കഴിഞ്ഞില്ല. ഇതിന്റെ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ( 06/24-11-23) മറുപടി ലഭ്യമാക്കിയില്ല.

### 1-1-3 സ്റ്റോക്കിന്റെ മൂല്യം നിർണ്ണയിച്ച് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

സ്റ്റോക്ക് ആന്റ് സ്റ്റോഴ്സിന്റെ മൂല്യം നിർണ്ണയിച്ച് ബാലൻസ്ഷീറ്റ് B14 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി ( 06/24-11-23) യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി ബി-14 ഷെഡ്യൂളിൽ രേഖപ്പെടുത്തി വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തേണ്ടതാണ്.

### 1-1-4 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതായി കാണുന്നു. കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 6600162/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 15569646/- രൂപയാണ്. ടി തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല . ഇതിന്റെ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ( 6/24-11-23) മറുപടി ലഭ്യമാക്കിയില്ല.

### 1-1-5 നൽകി മൂന്നുമാസത്തിൽ കൂടുതൽ ആയിട്ടും പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

ചുവടെ ചേർക്കുന്ന ബാങ്ക് അക്കൗണ്ടുകളുടെ റീ കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ Cheques Issued But Not Presented To Bank എന്ന ഹെഡ്ഡിൽ 4200/- രൂപ കാണുന്നു. ആയതിൽ താഴെപ്പറയുന്ന കാലഹരണപ്പെട്ട ചെക്കുകൾ Stale Cheque ശീർഷകത്തിലേക്ക് മാറ്റിയതായി കാണുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു

| ബാങ്ക് | വൗച്ചർ നം/തീയതി | തുക |
|---|---|---|
| Other Co-operative Bank-(Own Fund )8000 | 22100451/01-12-22 | 1000/- |
| | 22100509/15-02-22 | 500/- |
| Indian Bank (Own Fund) 955094192 | 22100512/16-02-22 | 500/- |
| | 22100622/25-03-22 | 500/- |
| | ആകെ | 2500 |

ഇതു സംബന്ധിച്ച് നൽകിയ ആഡിറ്റ് എൻക്വയറിയ്ക്ക് (12/27-11-23) ലഭിച്ച മറുപടിയിൽ ബാങ്കിൽ മാറാത്ത തുകയായ 2500/- രൂപ തൻവർഷം വരവിലേയ്ക്ക് മുതൽ കൂട്ടുന്നതാണെന്നറിയിച്ചു .

### 1-1-6 ചെക്ക് നിക്ഷേപിച്ചു -ബാങ്കിൽ ക്രെഡിറ്റ് ആയില്ല

ചുവടെ ചേർക്കുന്ന തനത് ഫണ്ട് ബാങ്ക് അക്കൗണ്ടിന്റെ റീ കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ Cheques Deposited But Not Cleared എന്ന ഇനത്തിൽ ചുവടെ ചേർക്കും പ്രകാരം തുക അവശേഷിക്കുന്നു. ടി തുക തനത് ഫണ്ടിൽ മുതൽക്കൂട്ടുന്നതിന് തുടർ നടപടി സ്വീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ആഡിറ്റ് എൻക്വയറിയ്ക്ക് (12/ 27-11-23) മറുപടി ലഭ്യമാക്കിയില്ല.

| ബാങ്ക് | തുക | ചെക്ക് നം/തീയതി |
|---|---|---|
| Indian Bank (Own Fund) 955094192 | 9750/- | 825027/09-03-22 |

### 1-1-7 ബാങ്ക് റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ Directly Credited By Bank ആയി ചേർത്തിട്ടുള്ള തുകകൾ ക്രമീകരിച്ചിട്ടില്ല.

Indian Bank (Own Fund) 955094192- ാം നമ്പർ അക്കൌണ്ടിന്റെ റീ കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ Directly Credited By Bank എന്ന ഹെഡ്ഡിൽ 1250/- രൂപ അവശേഷിക്കുന്നു. ആയത് സ്ഥാപനത്തിന്റെ വരവാണോയെന്ന് ഉറപ്പ് വരുത്തി തുക ക്രമീകരിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (12/ 27-11-23) മറുപടി ലഭ്യമാക്കിയില്ല.

## 1-1-8 വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ഡിമാന്റ് - കളക്ഷൻ - ബാലൻസ് തുകകൾ പരസ്പരം പൊരുത്തപ്പെടുന്നില്ല

2022-2023 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന ഇനങ്ങളിലെ നീക്കിയിരിപ്പ് തുകയും ബാലൻസ് ഷീറ്റിലെ നീക്കിയിരിപ്പ് തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| Item | Demand | Collection | | | Balance As Per AFS | Actual Balance |
|---|---|---|---|---|---|---|
| | | Current | Advance | Total | | |
| Property Tax On Residential | 1359593 | 1036050 | 10706 | 1046756 | 329015 | 312837 |
| Property Tax On Non Residential | 2202264 | 1761688 | 1011 | 1762699 | 461594 | 439565 |
| Licence Fee For Factories, Traders, Entrepreneuors And Other Services | 311100 | 275100 | 35500 | 310600 | 0 | 500 |
| Receipts From Sale Of Usufructs Of Trees | 11250 | 1200 | - | 1200 | 6250 | 10050 |

ഇതു സംബന്ധിച്ച് നൽകിയ ആഡിറ്റ് എൻക്വയറിയ്ക്ക് (07/ 25-11-23) ജേണൽ എൻട്രി വഴി കുറവ് ചെയ്ത തുകകൾ റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ടിൽ വരില്ലായെന്നാണ് മറുപടി ലഭ്യമാക്കിയത്.

## 1-1-9 രജിസ്റ്റർ പ്രകാരമുള്ള ഡി സി ബി തുകകളിലും വാർഷിക കണക്ക പ്രകാരമുള്ള ഡി സി ബി തുകകളിലും വ്യത്യാസം കാണുന്നു.

വരവിനങ്ങളുമായി ബന്ധപ്പെട്ട രജിസ്റ്ററുകളിൽ ഡിമാന്റ്/കളക്ഷൻ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ നികുതി/ഫീസ് ഇനങ്ങളെ സംബന്ധിച്ച് വാർഷിക കണക്കുകളിൽരേഖപ്പെടുത്തിയിരിക്കുന്ന ഡിമാന്റ്/കളക്ഷൻ തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ആഡിറ്റ് എൻക്വയറിയ്ക്ക് (07/ 25-11-23) മറുപടി ലഭ്യമാക്കിയില്ല. മുഴുവൻ രജിസ്റ്ററുകളും കാലികമാക്കി സ്ഥാപന മേധാവിയുടെ സാക്ഷ്യപ്പെടുത്തലോടുകൂടി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-1-10 ബാങ്ക് അക്കൗണ്ടുകളുടെ വിവരം വാർഷിക ധനകാര്യ പത്രികയിൽ B17- ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല

ചുവടെ ചേർക്കുന്ന ബാങ്ക് അക്കൗണ്ടുകളുടെ വിവരം ILGMS, RP 40 B എന്നിവയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ഓഡിറ്റിന് ലഭ്യമാക്കിയ വാർഷിക ധനകാര്യ പത്രികയിലെ ബാലൻസ്ഷീറ്റ് B17- ൽ ഉൾപ്പെടുത്തിയിട്ടില്ല

1. Other Co-operative Bank Vithura Service Co-operative Bank LTD (2411)

2. Other Co-operative Bank Vithura Service Co-operative Bank LTD (8001)

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (14/28-11-23) പ്രിന്റ് ചെയ്ത് ഓഡിറ്റിന് ലഭ്യമാക്കിയ കോപ്പിയിൽ വന്ന തകരാറാണ് എന്നാണ് മറുപടി ലഭ്യമാക്കിയത്.

## 1-1-11 ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം Deficit ബാലൻസ് രേഖപ്പെടുത്തിയിരിക്കുന്നു

ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ് മെന്റ് പ്രകാരം ആകെ വരുമാനം 281297544/- രൂപയും ആകെ ചെലവ് 295334511/- രൂപയും ആണ് . വരവിനേക്കാൾ ചെലവ് കൂടി നിൽക്കുന്നതിന്റെ കാരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (26/22, 30/11/23) മറുപടി ലഭ്യമാക്കിയില്ല. 14036967 രൂപയുടെ വ്യത്യാസത്തിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-1-12 നിക്ഷേപ പ്രവൃത്തികൾക്ക് വിവിധ ഏജൻസികൾക്ക് നല്കിയ തുക ക്രമീകരിച്ചിട്ടില്ല/ ക്രമീകരിച്ചതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുക ക്രമീകരിച്ചിട്ടില്ല/ ക്രമീകരിച്ചതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

| സ്ഥാപനം | മുന്നിരിപ്പ് | തൻവർഷം നൽകിയ തുക | ആകെ | തൻവർഷം ക്രമീകരിച്ച തുക (ILGMS പ്രകാരം) | നീക്കിയിരിപ്പ് (ബാലൻസ്ഷീറ്റ് B-18 പ്രകാരം) |
|---|---|---|---|---|---|
| KWA | 10336811 | 3330646 | 13667457 | 3602995 | 10064462 |
| KSEB | 651207 | 114678 | 765885 | - | 765885 |

വാട്ടർ അതോറിറ്റിയ്ക്ക് നല്കിയ തുക ക്രമീകരിച്ചതുമായി ബന്ധപ്പെട്ട ധനവിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. കെ.എസ്.ഇ.ബി യ്ക്ക് നല്കിയ മുൻകൂർ തുക (മുൻവർഷങ്ങളിലേത് ഉൾപ്പെടെ) നാളിതുവരെ ക്രമീകരിച്ചിട്ടുമില്ല. ഇതു സംബന്ധിച്ച് നൽകിയ ആഡിറ്റ് എൻക്വയറിയ്ക്ക് ( 08/25-11-23) മറുപടി ലഭ്യമാക്കിയില്ല. ഇവയിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായത് ആസ്തി ശീർഷകത്തിലേയ്ക്ക് മാറ്റി പ്രസ്തുത വിവരം അനുബന്ധ രേഖകൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-1-13 ബാലൻസ് ഷീറ്റ് - B-7 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പ് തുക പൊരുത്തപ്പെടുന്നില്ല.

Suppliers Security Deposit എന്ന ഇനത്തിന്റെ മുന്നിരിപ്പ് ,വരവ്,ചെലവ് ,നീക്കിയിരിപ്പ് തുകകൾ പരിശോധിച്ചതിൽ ടി ഇനത്തിന്റെ നീക്കിയിരിപ്പ് തുകയിൽ വ്യത്യാസം കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് (2021-2022 സാമ്പത്തിക വർഷത്തെ B-7 ഷെഡ്യൂൾ പ്രകാരം) | വരവ് (RP-33 പ്രകാരം) | ചെലവ് (RP-33 പ്രകാരം) | നീക്കിയിരിപ്പ് (B-7 ഷെഡ്യൂൾ പ്രകാരം) | യഥാർത്ഥ നീക്കിയിരിപ്പ് |
|---|---|---|---|---|---|
| Suppliers Security Deposit | 204242 | 32500 | 16400 | 193592 | 220342 |

ഇതിന്റെ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (16/ 15-11-23) അടുത്ത വാർഷിക ധനകാര്യപത്രികയിൽ തുക ക്രമീകരിക്കുന്നതാണെന്ന വിവരം അറിയിച്ചു.

## 1-2 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് 25/03/2022 തീയതിയിലെ തീരുമാനം നമ്പർ 1(1) പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബഡ്ജറ്റ് 18/03/2023 തീയതിയിലെ 1(2) ാം നം തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2-1 ബജറ്റ് രൂപീകരണം

| | ബജറ്റ് സംക്ഷിപ്തം | പുതുക്കിയ ബജറ്റ് സംക്ഷിപ്തം |
|---|---|---|
| മുന്നിരിപ്പ് | 18575804 | 8038909 |
| വരവ് | 287718000 | 787713948 |

| | | |
|---|---|---|
| ആകെ | 306293804 | 795752857 |
| ചെലവ് | 293340804 | 787866281 |
| നീക്കിയിരിപ്പ് | 12953000 | 7886576 |

1. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് ,വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം വകുപ്പ് പ്രകാരം സർക്കാർ അതതു സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും നിർണയിക്കപ്പെടുന്ന ചട്ടങ്ങൾക്ക് വിധേയമായിട്ടാകണം വാർഷിക ബജറ്റ് രൂപീകരിക്കേണ്ടത്. സ.ഉ(സാധാ)നം.3291/2016/തസ്വഭവ തിയ്യതി 02.12.2016 പ്രകാരമുള്ള ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് മാന്വൽ അനുസരിച്ച് പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും ക്രോഡീകരിക്കുന്നതിനും ബജറ്റ് തയ്യാറാക്കുന്നതിനും സമയക്രമം നിശ്ചയിച്ചിട്ടുണ്ട്. വിവിധ നടപടിക്രമങ്ങൾ സമയ ബന്ധിതമായി പൂർത്തിയാക്കിയതായി അവശ്യ രേഖകളുടെ അഭാവത്തിൽ പരിശോധിച്ച് ബോധ്യപ്പെടാൻ കഴിഞ്ഞിട്ടില്ല

2. പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിച്ചിട്ടില്ല:-02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം പാസാക്കിയ ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ ഖ.3.1(ii) പ്രകാരം വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1.ബജറ്റ് പ്രസംഗം

2.ബജറ്റ് കുറിപ്പുകൾ

ബജറ്റുമായി ബന്ധപ്പെട്ട ഫയലിൽ പ്രസ്തുത രേഖകൾ ഉൾപ്പെട്ടിട്ടില്ല..
ബജറ്റ് മാന്വൽ, അനുബന്ധ സർക്കാർ ഉത്തരവുകൾ എന്നിവ അനുസരിച്ച് പദ്ധതി/ പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും ക്രോഡീകരിക്കുന്നതിനും ബജറ്റ് തയ്യാറാക്കുന്നതിനും ബന്ധപ്പെട്ട രേഖകൾ കൃത്യമായി സൂക്ഷിക്കുന്നതിനും ജാഗ്രത പുലർത്തേണ്ടതാണ്.

## 1-2-2 പുതുക്കിയ ബജറ്റ്, വാർഷിക ധനകാര്യ പത്രിക എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ

കേരള പഞ്ചായത്ത്‌രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 72 പ്രകാരം ബജറ്റിൽ നിർദ്ദേശിച്ചിട്ടില്ലാത്തതോ ബജറ്റിൽ നിർദ്ദേശിച്ചതിൽ കൂടുതലോ ആയ ചെലവ് ചെയ്യേണ്ടി വരികയാണെങ്കിൽ, അത്തരം ചെലവ് ചെയ്യുന്നതിനു മുമ്പ് അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ പഞ്ചായത്ത് അംഗീകരിക്കേണ്ടതാണ്. 2022-2023 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ പുതുക്കിയ ബജറ്റ് പരിശോധനയിൽ ബജറ്റിൽ വകയിരുത്തിയതിൽ കൂടുതൽ ചെലവ് ചെയ്തതായും വകയിരുത്താതെ തുക ചെലവഴിച്ചതായും കാണുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു

| ക്രമനം | ബജറ്റ് അക്കൗണ്ട് കോഡ് | ഇനം | A F S പ്രകാരം ചെലവഴിച്ച തുക | ബജറ്റ് പ്രകാരം വകയിരുത്തിയത് | AFS അക്കൗണ്ട് കോഡ് |
|---|---|---|---|---|---|
| 1 | 2501052 | Inland --Pisciculture | 288643 | 200000 | 250130317 |
| 2 | 2511002 | Primary Education | 125918 | 0 | 251100101 |
| 3 | 2511006 | SSA & Other Educational Programs | 1000000 | 0 | 251100605 |
| 4 | 2514201 | Anganvadi Infrastructure | 1509167 | 750000 | 25117003 |

ഇതു സംബന്ധിച്ച് നൽകിയ ആഡിറ്റ് എൻക്വയറിയ്ക്ക് (24/22, 30/11/23) മറുപടി ലഭ്യമാക്കിയില്ല. ബജറ്റിൽ നിർദ്ദേശിച്ചതിൽ കൂടുതലായി ചെലവ് ചെയ്യേണ്ടി വരികയാണെങ്കിൽ, അത്തരം ചെലവ് ചെയ്യുന്നതിനു മുമ്പ് അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ പഞ്ചായത്ത് അംഗീകരിച്ച ശേഷം മാത്രം തുക ചെലവഴിക്കാൻ വരും വർഷങ്ങളിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-2-3 ബജറ്റ് പ്രകാരമുള്ള വരവും ചെലവും വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള യഥാർത്ഥ

**വരവും ചെലവും തമ്മിൽ വലിയ അന്തരം ഉള്ളതായി കാണുന്നു.**

2022-23 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവും ചെലവും വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള യഥാർത്ഥ വരവും ചെലവും തമ്മിൽ വലിയ അന്തരം ഉള്ളതായി കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | പുതുക്കിയ ബജറ്റ് പ്രകാരം | വാർഷിക ധനകാര്യപത്രിക പ്രകാരം |
|---|---|---|
| പ്രാരംഭ ബാക്കി | 8038909 | 22955056 |
| തൻവർഷം വരവ് | 787713948 | 81886015 |
| ആകെ വരവ് | 795752857 | 104841071 |
| ചെലവ് | 787866281 | 75285853 |
| നീക്കിയിരിപ്പ് | 7886576 | 29555218 |

ഇതു സംബന്ധിച്ച് നൽകിയ ആഡിറ്റ് എൻക്വയറിയ്ക്ക് (25/30-11-23) മറുപടി ലഭ്യമാക്കിയില്ല.
യാഥാർത്ഥ്യ ബോധ്യത്തോടെ ബജറ്റ് തയ്യാറാക്കുന്നതിന് വരും വർഷങ്ങളിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-3 ഗ്രാന്റ്

സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ്-ചെലവ്-നീക്കിയിരിപ്പ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 31103232 | 34617138 | -3513906 |
| വികസനഫണ്ട് (SCP) | 0 | 6732471 | 7456498 | -724027 |
| വികസനഫണ്ട് (TSP) | 0 | 5460329 | 9888423 | -4428094 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied) | 0 | 13408466 | 12456984 | 951482 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 7732427 | 7174336 | 558091 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 10274000 | 8102718 | 2171282 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 17828000 | 10259734 | 7568266 |
| CSS | 0 | 0 | 1160864 | -1160864 |
| SSS | 0 | 0 | 17225196 | -17225196 |

### 1-3-1 വിവിധ ഫണ്ടുകളുടെ ചെലവു ഇനത്തിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് , എ.സി.ആർ, എ.എഫ്.എസ് എന്നിവയിൽ താഴെപ്പറയും പ്രകാരം വ്യത്യാസമുണ്ട്.

വിവിധ ഫണ്ടുകളുടെ ചെലവു ഇനത്തിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് , എ.സി.ആർ, എ.എഫ്.എസ് എന്നിവയിൽ താഴെപ്പറയും പ്രകാരം വ്യത്യാസമുണ്ട്.

| **ഫണ്ട്** | **ഗ്രാന്റ് സ്റ്റേറ്റ്മെന്റ്സുലേഖ ചെലവ് പത്രിക എന്നിവ പ്രകാരം ചെലവ്** | **എ.സി.ആർ പ്രകാരം ചെലവ്** | **വാർഷിക ധനകാര്യ പത്രിക പ്രകാരം ( I 6+ Corresponding Capital Contribution)** |
|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 34617138 | 28386757 | 34617138 |

| | | | |
|---|---|---|---|
| വികസന ഫണ്ട് (എസ്.സി.പി) | 7456498 | 6719969 | 7456498 |
| വികസന ഫണ്ട് ( റ്റി എസ്.പി) | 9888423 | 5434752 | 9888423 |
| വികസന ഫണ്ട് ( CFC Untied) | 7174336 | 7174336 | 393777 |
| വികസന ഫണ്ട് ( CFC Tied) | 12456984 | 12456984 | 3145985 (2194860+951125) |

ഇു സംബന്ധിച്ച് നൽകിയ ആഡിറ്റ് എൻക്വയറിയ്ക്ക് (10/ 27-11-23) ജി ഓ പ്രോജക്ട് തുക കൂടി ഉൾപ്പെടുന്ന തുകയാണ് സുലേഖ/ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്/ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്നും ടി തുക എ.സി.ആർ- ൽ ഉൾപ്പെടാത്തതിനാലാണ് ഈ വ്യത്യാസം വന്നതെന്നും മറുപടി ലഭ്യമാക്കി . എന്നാൽ വികസന ഫണ്ട് ജനറലിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്യുന്ന തുക കൂടി ഉൾപ്പെടുത്തിയാലും വ്യത്യാസം നിലനിൽക്കുന്നു. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-3-2 മുൻവർഷത്തെ B-4 ഷെഡ്യൂൾ പ്രകാരമുള്ള ബാധ്യതകൾ നാളിതുവരെ ക്രമീകരിച്ചിട്ടില്ല

വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ മുൻവർഷ ബാലൻസ്ഷീറ്റിലെ B4 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ള ചുവടെ ചേർക്കുന്ന ഇനങ്ങൾ അതേപടി ബാദ്ധ്യതയായി ഈ വർഷത്തെ ബാലൻസ് ഷീറ്റിലും കാണുന്നു.

| ഹെഡ്സ് | ഇനം | തുക |
|---|---|---|
| 320200214 | Fund For Transferred Institutions —Development Of Scheduled Tribes--Capital | 950417 |
| 320700204 | Contribution For Joint Venture Project (For Capital Contribution) From Block Panchayat | 610000 |
| 320500101 | Grants, Funds& Contributions For Specific Purposes—Welfare Bodies--Capital | 60500 |
| 320300199 | Grants, Funds & Contrubutions For Specific Purposes—Other Govenment Agencies | 781270 |
| 320800199 | Other Grants, Funds & Contribution For Specific Purposes--Capital | 228985 |
| 320200105 | Development Fund—Central Finance Commission Grant Performance Grant | 3138689 |

ഈ തുകകൾ ചെലവഴിക്കുന്നതിനോ ലഭ്യമാക്കിയ എജൻസികൾക്ക് തിരികെ നൽകുന്നതിനോ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് അന്വേഷിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (04/24-11-2023) തുകകൾ പരിശോധിച്ച് പ്രോജക്ടിൽ ഉൾപ്പെടുത്തി ചെലവ് ചെയ്യുന്നതാണെന്ന് മറുപടി ലഭ്യമാക്കി. തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-4 സാമ്പത്തിക അവലോകനം

റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം

| | |
|---|---|
| മുന്നിരിപ്പ് | 22955056 |
| ഓഡിറ്റ് വർഷത്തെ വരവ് | 81886015 |

| | |
|---|---|
| ആകെ | 104841071 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 75285853 |
| നീക്കിയിരിപ്പ് | 29555218 |

വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്(ട്രഷറി അലോട്ട്മെന്റ്) എന്നീ സർക്കാർ ഗ്രാന്റുകളുടെ വരവ്-ചെലവ് തുക റസീറ്റ് & പേമെന്റ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. സർക്കാർ ഗ്രാന്റുകൾ, സാമൂഹ്യ സുരക്ഷ പെൻഷനുകൾ ഉൾപ്പടെയുള്ള വരവ്-ചെലവ് ഉൾപ്പെടുന്ന പഞ്ചായത്തിന്റെ 2022-23 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരവ് 281297544/- രൂപയും ചെലവ് 295334511/- രൂപയുമാണ് .


## 1-5 പദ്ധതി ആസൂത്രണം

1)2022-23 സാമ്പത്തിക വർഷത്തെ ഗ്രാമപഞ്ചായത്തിന്റെ ഓരോ ഇനങ്ങളിലെയും ഗ്രാന്റ് ലഭ്യത, പ്രോജക്റ്റിനായി അടങ്കൽ വകയിരുത്തിയ തുക, ചെലവഴിച്ച തുക, എന്നിവ തമ്മിലുള്ള താരതമ്യം ചുവടെ ചേർക്കുന്നു.


| 1 | 2 | 5 | 6 |
|---|---|---|---|
| ഫണ്ട് | 2022-23-ൽ സംസ്ഥാന ബജറ്റ് അനുബന്ധം IV പ്രകാരം ലഭിക്കുന്ന തുക | 2022-23-ൽ ചെലവഴിച്ച തുക | നീക്കിയിരിപ്പ്/ ലാപ്സ് തുക |
| വികസന ഫണ്ട് ജനറൽ | 37182000 | 34617138 | 2564862 |
| വികസനഫണ്ട് (എസ്.സി.പി) | 7469000 | 7456498 | 12502 |
| വികസനഫണ്ട് (TSP) | 9914000 | 9888423 | 25577 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 10274000 | 8102718 | 2171282 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 17828000 | 10259734 | 7568266 |
| **ആകെ** | **82667000** | **70324511** | **12342489** |

**ആകെ ലഭ്യമാകുന്ന തുക, ചെലവഴിച്ച തുക, ലാപ്സായ തുക എന്നിവയുടെ താരതമ്യം ലേഖാചിത്രമായി ചേർക്കുന്നു.**

**(1)**




**(2)**




പദ്ധതി നിർവ്വഹണം

2022-23 വർഷം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്ട് നിർവ്വഹണത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവഹണ ഉദ്യോഗസ്ഥർ | ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (ഗ്ര.വി. ഒഴികെ) | ആകെ പദ്ധതി ചെലവ് (ഗ്ര.വി. ഒഴികെ) | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 15 | 13 | 2 | 4371201 | 3929586 | 89.8 |
| വെറ്റിനറി സർജൻ | 6 | 6 | 0 | 2460600 | 2390332 | 97.14 |
| മെഡിക്കൽ ആഫീസർ (ആലോപ്പതി) | 9 | 7 | 2 | 3175102 | 1486061 | 46.80 |
| മെഡിക്കൽ ആഫീസർ (ഹോമിയോ) | 2 | 2 | 0 | 300000 | 264121 | 88 |
| മെഡിക്കൽ ആഫീസർ (ആയുർവേദം) | 6 | 6 | 0 | 1974000 | 1969260 | 99.75 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-1 | 35 | 28 | 7 | 179544343 * | 35624500 | 19.84 |
| ഐ സി ഡി എസ് സൂപ്പർ വൈസർ | 13 | 11 | 2 | 6169700 | 5281803 | 85.60 |
| സെക്രട്ടറി | 48 | 44 | 4 | 21108233 | 19573761 | 92.73 |
| ഹെഡ്മാസ്റ്റർ | 11 | 10 | 1 | 8723824 | 4011942 | 45.98 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 154 | 97 | 57 | 62580760 | 33253772 | 53.13 |
| അസിസ്റ്റന്റ് സെക്രട്ടറി | 16 | 16 | 0 | 4545410 | 3026523 | 66.58 |

| | | | | | | |
|---|---|---|---|---|---|---|
| ഡയറി ഫാം ഇൻസ്ട്രക്ടർ | 3 | 3 | 0 | 1601213 | 1151213 | 71.89 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫീഷറീസ് | 4 | 3 | 1 | 455000 | 288643 | 63.43 |

*ലോൺ തുക ഒഴികെ

ആകെ വരവ് ചെലവ് (സുലേഖ പത്രിക പ്രകാരം)

| ഫണ്ട് | വകയിരുത്തിയ തുക | ചെലവ് തുക | ശതമാനം |
|---|---|---|---|
| പൊതുവിഭാഗം (ജനറൽ) | 43062296 | 34617138 | 80 |
| എസ്.സി.പി. | 8943429 | 7456498 | 83 |
| റ്റി എസ് പി | 14375871 | 9888423 | 69 |
| ധനകാര്യകമ്മിഷൻ അവാർഡ് | 28499126 | 19631320 | 69 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 7886040 | 1160864 | 15 |
| സംസ്ഥാനാവിഷ്കൃത ഫണ്ട്. | 120140000 | 17225196 | 14 |
| തനത് ഫണ്ട് | 1061158 | 408816 | 39 |
| ബ്ളോക്ക് പഞ്ചായത്ത് | 18430970 | 1700097 | 9 |
| മറ്റ് ജില്ലാപഞ്ചായത്ത് | 20180461 | 1800713 | 9 |
| മെയിന്റനൻസ് നോൺ റോഡ് | 12438254 | 8102718 | 65 |
| മെയിന്റനൻസ് റോഡ് | 21515476 | 10259734 | 48 |
| മറ്റുള്ളവ | 261232273 | 9433774 | 4 |
| ആകെ | 557765354 | 121685291 | 22 |

**ആസൂത്രണ സമിതി**

1. പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ സർക്കാർ ഉത്തരവ് (കൈ) നമ്പർ 84/2022/തസ്വഭവ തീയതി 19.04.2022, 3.1.1 പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ പദ്ധതി ആസൂത്രണ പ്രക്രിയ ആരംഭിക്കുന്നതിന് മുന്നോടിയായി ഓരോ വർഷവും നവംബർ 1ന് മുമ്പ് നിലവിലുള്ള ആസൂത്രണ സമിതികൾ ആവശ്യമെങ്കിൽ പുനസംഘടിപ്പിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട് . അപ്രകാരം ആസൂത്രണ സമിതി പുനസംഘടിപ്പിച്ചതിന്റെ വിശദാംശം ആഡിറ്റ് എൻക്വയറി നം. 03/24-11-23പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയില്ല.

2. പുനസംഘടിപ്പിച്ചതിന് ശേഷമുള്ള ആസൂത്രണ സമിതിയിലെ അംഗങ്ങളുടെ വിവരം മാർഗ്ഗരേഖയുടെ അനുബന്ധമായി ചേർത്തിട്ടുള്ള ഫോറം 1 ൽ രേഖപ്പെടുത്തേണ്ടതും അത് തദ്ദേശഭരണ സ്ഥാപനത്തിന്റെയും ഘടക സ്ഥാപനങ്ങളുടേയും നോട്ടീസ് ബോർഡുകളിലും തദ്ദേശഭരണ സ്ഥാപനത്തിന്റെ വെബ് സൈറ്റിലും പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഇത്തരത്തിലുള്ള നടപടിക്രമം പാലിച്ചതായി കാണുന്നില്ല.

3. മാർഗ്ഗ രേഖ ഖ. 3.1.1 എ 7 പ്രകാരം ആസൂത്രണ സമിതി തുടർച്ചയായി പ്രവർത്തിക്കുന്നുവെന്ന് ഭരണസമിതി ഉറപ്പാക്കണമെന്നും പദ്ധതി ആസൂത്രണപ്രക്രിയ നടക്കുന്ന ഘട്ടത്തിൽ ആവശ്യാനുസരണവും അതിനു ശേഷം കുറഞ്ഞത് മൂന്ന് മാസത്തിലൊരിക്കലെങ്കിലും ആസൂത്രണസമിതി യോഗം ചേരണമെന്നും നിഷ്കർച്ചിട്ടുണ്ട്. കൂടാതെ മാർഗ്ഗരേഖയുടെ 3.1.1 ബി 1 മുതൽ 17 വരെ പ്രതിപാദിക്കുന്ന ചുമതലകൾ ആസൂത്രണസമിതി നിർവ്വഹിക്കേണ്ടതായിട്ടുമുണ്ട് . എന്നാൽ ആസൂത്രണസമിതിയുടെ മിനിട്സ് ലഭ്യമാക്കാത്തതിനാൽ മേൽ പ്രകാരമുള്ള ചുമതലകൾ നിർവ്വഹിച്ചിട്ടുണ്ടോ എന്നത്

പരിശോധനാവിധേയമാക്കാൻ കഴിഞ്ഞിട്ടില്ല.

വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം

സ.ഉ(കൈ) നം. 84/2022/ത.സ്വ.ഭ.വ തീയതി 19.04.2022 ഖണ്ഡിക 3.1.2 ബി പ്രകാരം പൊതുജനങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ച് പദ്ധതി ആസൂത്രണത്തിന് ജനപങ്കാളിത്തം ഉറപ്പു വരുത്തുക, പദ്ധതി രൂപീകരണ പ്രക്രിയയിൽ നവമാധ്യമങ്ങളുടെ സാധ്യത പ്രയോജനപ്പെടുത്തുക അതത് വികസനമേഖലയുമായി ബന്ധപ്പെട്ട പദ്ധതി ആസൂത്രണത്തിന് നേതൃത്വം നൽകുക വർക്കിംഗ് ഗ്രൂപ്പിന്റെ വിഷയ മേഖലയുമായി ബന്ധപ്പെട്ട സ്ഥിതി വിവര കണക്കുകൾ ശേഖരിക്കുക, ക്രോഡീകരിക്കുക, അപഗ്രഥിക്കുക തുടങ്ങി വിപുലമായ ചുമതലകളാണ് വർക്കിംഗ് ഗ്രൂപ്പുകൾക്ക് ഉള്ളത്.

വർക്കിംഗ് ഗ്രൂപ്പ് മിനിട്സുകൾ പരിശോധിച്ചപ്പോൾ ലഭ്യമായ വിവരങ്ങൾ ഇപ്രകാരമാണ്.

ഖണ്ഡിക 3.1.2.(ബി)7 പ്രകാരം ഒരു സാമ്പത്തിക വർഷം അവസാനിച്ചാൽ മുൻവാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് കണക്കുകൾ ഫോറം 4-ൽ തയ്യാറാക്കി ഏറ്റവും ആദ്യം നടക്കുന്ന വാർഡ് സഭാ യോഗത്തിൽ അവതരിപ്പിക്കേണ്ടതാണ്. അത്തരത്തിലൊരു ചുമതല വർക്കിംഗ് ഗ്രൂപ്പ് നിർവ്വഹിച്ചതായി മിനിട്സ് പരിശോധനയിൽ കണ്ടെത്തിയിട്ടില്ല. ഖണ്ഡിക 3.1.2 (ബി) 13 പ്രകാരം വാർഷികപദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. അത്തരത്തിലൊരു നടപടിക്രമവും പാലിച്ചതായി വർക്കിംഗ് ഗ്രൂപ്പുകൾ മിനിട്സ് പരിശോധനയിൽ കണ്ടെത്തിയിട്ടില്ല.

വാർഷിക പദ്ധതി രൂപീകരണത്തിനായി നടന്ന വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലെ മിനിട്സ് പരിശോധിച്ചപ്പോൾ ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ ഉൾപ്പെട്ടതായി കാണാൻ കഴിഞ്ഞു . എന്നാൽ അവ നടപ്പിലാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കിയില്ല.

| ക്രമ നമ്പർ | വർക്കിംഗ് ഗ്രൂപ്പ് | തീയതി | വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശം |
|---|---|---|---|
| 1 | പൊതുമരാമത്ത് | 12/05/22 | 1കുടിവെള്ള പദ്ധതികൾക്കായി കുഴിച്ച റോഡുകൾ മെയിന്റനൻസ് ചെയ്യണം<br>2.എസ്.സി, എസ് റ്റി കോളനികളുടെ നവീകരണം<br>3. ശ്മശാനത്തിന്റെ പ്രവർത്തനം എത്രയും വേഗം പൂർത്തിയാക്കുക |
| 2 | സാമൂഹ്യ നീതി | 12/05/22 | 1. വയോജനങ്ങൾക്ക് സാമൂഹിക ബന്ധങ്ങൾക്ക് അവസരമുണ്ടാക്കുന്നതിനുള്ള ആശയങ്ങൾ നടപ്പിലാക്കുക<br>2.ശാരീരിക അവശത നേരിടുന്ന വയോജനങ്ങൾക്കു സഹായ ഉപകരണങ്ങൾ നൽകുന്ന പദ്ധതി നടപ്പിലാക്കുക |
| 3 | കുടിവെള്ളം, ശുചിത്വം | 12/05/22 | 1. തോടുകളിലും ആറ്റിലും നിക്ഷേപിക്കുന്ന പ്ളാസ്റ്റിക്ക് മാലിന്യങ്ങൾ അവരവരുടെ വീടുകളിൽ കളക്ട് ചെയ്ത് ഹരിതകർമ്മസേനയെ എൽപ്പിക്കുന്നതിനുള്ള നടപടിയുണ്ടാക്കണം<br>2. പരിസരങ്ങളിലുള്ള കുളങ്ങളും നീരുറവകളും ശുദ്ധീകരിക്കുന്നതിനുള്ള |

| | | | |
|---|---|---|---|
| | | | നടപടി കൈകൊള്ളണം |
| 4 | ആരോഗ്യം | 12/05/2022 | 1. പകർച്ച വ്യാധി നിയന്ത്രണത്തിന്റെ ഭാഗമായി 3 മാസത്തിലൊരിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുക<br>2. താലൂക്ക് ആശുപത്രിയിലെ ഡോക്ടർമാരുടെ കുറവ്, സൗകര്യങ്ങളുടെ കുറവ് എന്നിവ പരിഹരിക്കുക |
| 5 | കൃഷി | 12/05/22 | 1. സ്കൂളുകൾ, അങ്കണവാടികൾ മുതലായവ വഴി പച്ചക്കറി കൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി ഗ്രോബാഗ്, തൈകൾ എന്നിവ വിതരണം ചെയ്യുക<br>2. മാലിന്യ സംസ്കരണത്തിനായ് ബയോഗ്യാസ് സബ്സിഡി നൽകി നിർമ്മിക്കണം |

__സ്റ്റാറ്റസ് റിപ്പോർട്ട്__

സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള താഴെ ചേർക്കുന്ന പ്രശ്നങ്ങൾക്കുള്ള പരിഹാര നടപടികൾ പദ്ധതികൾ മുഖേനെ നടപ്പാക്കിയതിന്റെ വിശദാംശം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ആഡിറ്റ് എൻക്വയറിയ്ക്ക് (36/ 18-09-23) മറുപടി ലഭ്യമാക്കിയില്ല

| ക്രമ നമ്പർ | മേഖല | തീവ്രത | പ്രശ്നം |
|---|---|---|---|
| 1 | കുടിവെള്ളം, ശുചിത്വം | അതീവഗുരുതരം | കുന്നുകൂടുന്ന മാലിന്യം<br>മാലിന്യപ്ളാന്റുകളുടെ അഭാവം |
| 2 | മൃഗസംരക്ഷണവും ക്ഷീരവികസനവും | ഗുരുതരം | തെരുവു നായ്ക്കളുടെ അമിത പ്രജനനം |
| 3 | പൊതുമരാമത്ത് | ഗുരുതരം | റോഡുകളുടെ ശോചനീയാവസ്ഥ<br>തെരുവുവിളക്കുകളുടെ പരിപാലനത്തിന്റെ അഭാവം |
| 4 | പട്ടികജാതി / പട്ടിക വർഗ്ഗം | ഗുരുതരം | ആദിവാസി മേഖലകളിലും മിനി ഹൈമാസ്റ്റ് ലൈറ്റും , വഴി വിളക്കുകൾ എന്നിവ സ്ഥാപിക്കാത്തത് |
| 5 | കുടിവെള്ള ക്ഷാമം | ഗുരുതരം | ഗ്രാമ പഞ്ചായത്തിലെ മുഴുവൻ പട്ടിക വർഗ്ഗ കുടുംബങ്ങൾക്കും കുടിവെള്ള ലഭ്യത ഉറപ്പു വരുത്തുക |

**ഗ്രാമസഭകൾ**

പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 3.2.1 (1) പ്രകാരം വികസനപരിപ്രേക്ഷ്യവും കരട് പ്രോജക്ട് നിർദ്ദേശങ്ങളും തയ്യാറായാൽ ഗ്രാമസഭകൾ യോഗം ചേർന്ന് പ്രോജക്ട് നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിക്കണമെന്നുള്ളത് നിർബന്ധ വ്യവസ്ഥയാണ്.

ഗ്രാമസഭാമിനിട്സുകൾ പരിശോധിച്ചതിൽ അത്തരത്തിലുള്ള നിർദ്ദേശം പാലിക്കാത്തതായി കാണുന്നു

2022-23 വർഷത്തെ ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ നടന്ന ഗ്രാമസഭാ യോഗങ്ങളുടെ മിനിട്സ് പരിശോധിച്ചതിൽ, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം, 1995 ലെ കേരളാ പഞ്ചായത്ത് രാജ് (ഗ്രാമസഭകളുടെ യോഗം വിളിച്ചുകൂട്ടുന്നതിനും നടത്തുന്നതിനുമുള്ള നടപടി ചട്ടങ്ങൾ എന്നിവ പ്രകാരമുള്ള നിർദ്ദേശങ്ങൾ പൂർണമായും പാലിക്കാതെയാണ് പല ഗ്രാമസഭാ യോഗങ്ങളും നടത്തിയിരിക്കുന്നത്.

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 3 (3) പ്രകാരം ഗ്രാമസഭ കുറഞ്ഞ പക്ഷം 3 മാസത്തിലൊരിക്കലെങ്കിലും യോഗം ചേരേണ്ടതാണ്. ഇത്തരത്തിൽ വർഷത്തിൽ 4 തവണയെങ്കിലും യോഗം ചേരണമെന്നിരിക്കെ എല്ലാ വാർഡുകളിലെയും ഗ്രാമസഭാ യോഗം വർഷത്തിൽ മൂന്നു പ്രാവശ്യം മാത്രമേ നടന്നിട്ടുള്ളൂ. 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 15(2) അനുശാസിക്കും പ്രകാരം ഓഡിറ്റ് റിപ്പോർട്ട് ഭരണസമിതി എടുത്ത തീരുമാനങ്ങളുടെ പകർപ്പ് സഹിതം ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വിധേയമാക്കിയിട്ടില്ല.
ഗ്രാമസഭ മിനിട്സ് പൂർണമാക്കി കൺവീനറും കോ-ഓർഡിനേറ്ററും സാക്ഷ്യപ്പെടുത്തേണ്ടതാണെങ്കിലും അപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. ഭാവിയിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-6 ക്ഷേമപദ്ധതികൾ

2022-23 വർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 4,417,800 | 319 |
| വിധവ പെൻഷൻ | 18,351,200 | 1450 |
| വാർദ്ധക്യകാലപെൻഷൻ | 31,765,000 | 2685 |
| വികലാംഗപെൻഷൻ | 3,677,200 | 272 |
| വിവാഹധനസഹായം | 240,000 | 8 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 705,600 | 44 |
| തൊഴിൽ രഹിത വേതനം | 50,160 | 70 |
| Inter Caste Marriage Assistance | 50000 | ഗുണഭോക്താക്കളുടെ എണ്ണം ലഭ്യമാക്കിയില്ല |

## 1-6-1 ക്ഷേമ പദ്ധതികളുമായി ബന്ധപ്പെട്ട പൂർണ്ണമായ രേഖകൾ ലഭ്യമാക്കിയില്ല

2022-23 സാമ്പത്തിക വർഷം നടപ്പിലാക്കിയ വിവിധ ക്ഷേമ പദ്ധതികളുമായി ബന്ധപ്പെട്ട പൂർണ്ണമായ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ഗ്രാമ പഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക പ്രകാരം 2022-23 സാമ്പത്തിക വർഷം ചുവടെ ചേർക്കുന്ന ഇനങ്ങളിൽ സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങൾക്കായി തുക ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ അപേക്ഷകളും അർഹതാ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി നം. 30 വഴി ആവശ്യപ്പെട്ടെങ്കിലും ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | ഹെഡ് കോഡ് | ഹെഡ് | തുക |
|---|---|---|---|
| 1 | 160100757 | State Sponsored Schemes -Unemployment Allowance Scheme | 50,160 |
| 2 | 160101608 | Welfare Of Scheduled Castes/ Scheduled Tribes/Other Backward | 50,000 |

| | | | |
|---|---|---|---|
| | | Classes-Welfare Of Scheduled Tribes--Inter Caste Marriage | |
| 3 | 160100739 | State Sponsored Schemes-Financial Help For Widow'S Daughters Marriage | 240,000 |

അവശ്യ രേഖകളുടെ അഭാവത്തിൽ വിതുര ഗ്രാമ പഞ്ചായത്തിലെ വിവിധ ക്ഷേമ പദ്ധതികളുമായി ബന്ധപ്പെട്ട് വാർഷിക ധനകാര്യ പത്രികയിൽ ചേർത്തിട്ടുള്ള തുകകളുടെ ആധികാരികത ഓഡിറ്റിന് ബോധ്യപ്പെട്ടിട്ടില്ല. ക്ഷേമ പദ്ധതികളുമായി ബന്ധപ്പെട്ട മുഴുവൻ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-7 ക്യാഷ് ബാലൻസ്

വിതുര ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 1-12-2023 തീയതിയിൽ രാവിലെ 4. 10 പി.എം. സമയത്ത് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ഡേ ബുക്ക് പ്രകാരം 4671/- രൂപയുടെ വരവ് ലഭിച്ചിട്ടുണ്ട്. എന്നാൽ ക്യാഷ് കൗണ്ടറിൽ 4752/- രൂപ സൂക്ഷിച്ചിരിക്കുന്നു. 81/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു. തനത് ദിവസം നടക്കുന്ന ഇടപാടിനേക്കാൾ കൂടുതലോ കുറവോ തുക നീക്കിയിരിപ്പായി ഉണ്ടാകാൻ പാടില്ല . ഡേ ബുക്കിനു അനുസൃതമായി പണം നീക്കിയിരിപ്പിന്റെ കൃത്യത ഉറപ്പാക്കേണ്ടതാണ്.

## 1-8 ആഭ്യന്തര നിയന്ത്രണം

ഫ്രണ്ട് ഓഫീസ് സംവിധാനം മെച്ചപ്പെടുത്തണം

ഓഫീസ് ക്രമീകരണത്തിന് വേണ്ടി ഓഫീസ് ഉത്തരവ് തയ്യാറാക്കി ജീവനക്കാരുടെ ജോലി വിഭജനം കൃത്യമായി നിർവ്വഹിച്ചിട്ടുണ്ട്.

ഗ്രാമ പഞ്ചായത്തിൽ ഫ്രണ്ട്ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ യഥാവിധി പരിപാലിച്ചിട്ടുണ്ട്. തപാൽ നം, അപേക്ഷകന്റെ പേര്, സേവനത്തിന്റെ സ്വഭാവം, സേവനം ലഭ്യമാക്കേണ്ട സെക്ഷന്റെ വിശദാംശം, ബന്ധപ്പെട്ട സെക്ഷനിൽ നിന്നും അപേക്ഷ തിരികെ ലഭിച്ച തീയതി, സേവനം ലഭിച്ച തീയതി, കൈപ്പറ്റുന്ന ആളുടെ പേര്, ഒപ്പ് എന്നീ വിവരങ്ങൾ രേഖപ്പെടുത്തിയ ഫ്രണ്ട് ഓഫീസ് ഡയറി സൂക്ഷിക്കേണ്ടതാണ്. പൊതുജനങ്ങൾക്ക് സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുന്നുണ്ടെന്നുറപ്പാക്കാൻ ഫ്രണ്ട് ഓഫീസ് ഡയറി കൃത്യമായി പരിപാലിക്കേണ്ടതുണ്ട്.

ഫ്രണ്ട്ഓഫീസിന്റെ ഫലപ്രദമായ പ്രവർത്തനം നിരീക്ഷിക്കുന്നതിൽ ചുമതലയേൽപ്പിച്ച ഉദ്യോഗസ്ഥന്റെയും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ശ്രദ്ധ ഉണ്ടായിട്ടില്ല. ഫ്രണ്ട്ഓഫീസ് സംവിധാനം മെച്ചപ്പെടുത്താൻ കൂടുതൽ ശ്രദ്ധിക്കേണ്ടതുണ്ട്.

1994-ലെ തദ്ദേശസ്വയംഭരണ സ്ഥാപന നിയമങ്ങളിലെ ഭേദഗതിയിലൂടെ പൗരാവകാശരേഖ സംബന്ധിച്ച വ്യവസ്ഥ കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ബാധകമാക്കിയിരുന്നു. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും അതിൻകീഴിൽ കൈമാറിക്കിട്ടിയ ഓഫീസുകളും ആ പ്രദേശത്തെ പൗരൻമാർക്ക് ലഭ്യമാകുന്ന വിവിധ സേവനങ്ങളും അവ ലഭ്യമാക്കുന്ന അവസരങ്ങൾ, സമയപരിധി, നടപടിക്രമം എന്നിവയടങ്ങിയ വിവരങ്ങൾ പ്രസിദ്ധീകരിക്കേണ്ട രേഖയാണത്. 1994-ലെ കേരള പഞ്ചായത്ത് രാജ് (പൗരാവകാശരേഖ തയ്യാറാക്കൽ) ചട്ടങ്ങളിലെ ചട്ടം 3(1) പ്രകാരം തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത് കമ്മിറ്റി, നിലവിലുള്ള പഞ്ചായത്ത് ചട്ടങ്ങൾ പ്രാബല്യത്തിൽ വന്ന് ആറ് മാസത്തിൽ കവിയാത്ത കാലയളവിനുള്ളിൽ പൗരാവകാശരേഖ തയ്യാറാക്കി പ്രസിദ്ധീകരിക്കേണ്ടതും പ്രധാന സ്ഥലങ്ങളിൽ പ്രദർശിപ്പിക്കുകയും പൊതുജനങ്ങൾക്ക് സൗജന്യമായി വിതരണം ചെയ്യേണ്ടതുമാണ്. ഗ്രാമ പഞ്ചായത്ത് 2021 ലാണ് പൗരാവകാശരേഖ അവസാനമായി പ്രസിദ്ധീകരിച്ചിട്ടുള്ളത്.

പൊതുജനങ്ങൾക്കും, ജീവനക്കാർക്കും ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ, വിവര വ്യൂഹത്തിന്റെ പൂർണമാക്കൽ, പരിഷ്കരണം എന്നിവ നിരീക്ഷിയ്ക്കേണ്ടത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയാണ്. അത് ഉറപ്പ് വരുത്താൻ, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതുണ്ട്. കേ.പ.രാ സെക്ഷൻ162a-b1(i) പ്രകാരം ഓഫീസ് പ്രവർത്തനം, രേഖകൾ സൂക്ഷിപ്പ്, അക്കൗണ്ട്സ്, ഓഡിറ്റ് എന്നിവയുടെ മേൽനോട്ടച്ചുമതല ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്കാണ്. പ്രസ്തുത കടമ പൂർണമായി നിർവഹിച്ചിട്ടില്ല. ഓഫീസ് വാഹനത്തിന്റെ പരിപാലനവും, രജിസ്റ്ററുകൾ രേഖകൾ എന്നിവയുടെ സൂക്ഷിപ്പും മെച്ചപ്പെടേണ്ടതുണ്ട്. ധനകാര്യ ഇടപെടലുകളുടെ കൃത്യത, പൂർണത, നിയമസാധുത എന്നിവ ഉറപ്പാക്കാൻ കൂടുതൽ ശ്രദ്ധചെലുത്തേണ്ടതുണ്ട്. ഭരണ-ഉദ്യോഗസ്ഥതലത്തിലെ ഏകോപനം കൂടുതൽ മെച്ചപ്പെടുത്തേണ്ടതുണ്ട്. വരവ് ചെലവ് കണക്കുകൾ ബജറ്റിന്റെ അടിസ്ഥാനത്തിൽ മോണിറ്റർ ചെയ്യുന്നില്ല. വരവുകൾ കൃത്യമായി തിട്ടപ്പെടുത്തുകയും ഈടാക്കുകയും ചെയ്യുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് മതിയായ സംവിധാനം ഇല്ല.

അക്കൗണ്ട് ട്രാൻസ്ഫർ മുഖേനയുള്ള ഇടപാടുകൾക്ക് കൈപ്പറ്റ് രസീത് വാങ്ങുന്നതിൽ പ്രായോഗിക ബുദ്ധിമുട്ട് നേരിടുന്നുണ്ട്. ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കാലികമാക്കിയിട്ടില്ല. വൗച്ചറുകൾ കൃത്യമായും തുടർച്ചയായ നമ്പറുകളിട്ട് സൂക്ഷിച്ചിട്ടുണ്ട്. ചെലവുമായി ബന്ധപ്പെട്ട പൂർണ്ണമായ രേഖകൾ വൗച്ചറിനോടൊപ്പം സൂക്ഷിക്കേണ്ടതാണ്.

ആസൂത്രണ സമിതി, വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ എന്നിവരെ നിയമിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. പദ്ധതികളിൽ മോണിറ്ററിങ് കൃത്യമായി നടക്കുന്നില്ല. ഓഫീസിൽ ലഭിക്കുന്ന തപാലുകൾ യഥാസമയം രജിസ്റ്ററിൽ രേഖപ്പെടുത്തുന്നുണ്ട്.

സെക്രട്ടറി നിർവ്വഹണം നടത്തിയ ടെക്നിക്കൽ അസിസ്റ്റന്റിന് വേതനം നൽകൽ എന്ന പദ്ധതിയിൽ സുലേഖ ചെലവ് പത്രിക പ്രകാരം 3,71,249 രൂപയാണ് അടങ്കൽ തുകയെങ്കിലും ഓരോ മാസവും (04.05.2022 മുതൽ 03.01.2023 വരെ) സെക്രട്ടറിയുടെ നടപടി ക്രമങ്ങളിൽ **നാല് ലക്ഷം രൂപ** വീതം അടങ്കൽ രേഖപ്പെടുത്തിയാണ് എ2/04/22 എന്ന നമ്പരിൽ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളത്. ഉത്തരവുകളിലെ വിവരങ്ങളിൽ കൃത്യത പുലർത്തുന്നതിന് ശ്രദ്ധിക്കേണ്ടതുണ്ട്.

ഭരണപരമായ നയങ്ങളുടെ പരിപാലനം, നടപടിക്രമങ്ങൾ, കടമകൾ എന്നിവ നിറവേറ്റുന്നതിൽ ഏറെക്കുറെ തൃപ്തികരമായ പ്രവർത്തനം നടത്തിയിട്ടുണ്ട്. സുതാര്യമായ ധനകാര്യമാനേജ്മെൻറ്, ധനകാര്യ ഇടപെടലുകളുടെ കൃത്യത, പൂർണത നിയമ സാധുത എന്നിവ ഉറപ്പാക്കാൻ ആഭ്യന്തരനിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടുത്തേണ്ടതുണ്ട്.

## 1-9 ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- പൊതു അവലോകനം

അവിദഗ്ധമേഖലയിൽ തൊഴിൽ ഉറപ്പ് വരുത്തിക്കൊണ്ട് ഗ്രാമീണ കുടുംബങ്ങളുടെ ഉപജീവനവും സുരക്ഷിതത്ത്വവും ഉറപ്പ് വരുത്തുക, സ്ഥായിയായ ആസ്തികൾ സൃഷ്ടിക്കുക എന്നിവയാണ് തൊഴിലുറപ്പ് പദ്ധതിയുടെ ആത്യന്തിക ലക്ഷ്യം. തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് ആഡിറ്റ് എൻക്വയറി നം 11/27-11-23 വഴി ആവശ്യപ്പെട്ട വിവരങ്ങൾക്ക് ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു.

| | |
|---|---|
| 2022-23 സാമ്പത്തിക വർഷം തൊഴിൽ കാർഡ് എടുത്തവരുടെ എണ്ണം | 48 |
| പുതുതായി തൊഴിൽ കാർഡ് എടുത്തവർ ഉൾപ്പെടെ ആകെ തൊഴിലാളികളുടെ എണ്ണം | 7293 കുടുംബങ്ങൾ<br>11314 തൊഴിലാളികൾ |
| 2022-23 സാമ്പത്തിക വർഷം തൊഴിൽ ഡിമാന്റ് ചെയ്ത കുടുംബങ്ങളുടെ എണ്ണം | 3954 കുടുംബങ്ങൾ<br>4680 തൊഴിലാളികൾ |
| 100 തൊഴിൽ ദിനം ലഭിച്ചവരുടെ എണ്ണം | 1936 |
| ഗ്രാമ പഞ്ചായത്തിലെ അയൽക്കൂട്ടങ്ങളുടെ എണ്ണം | 352 |
| തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിക്കുന്ന അയൽക്കൂട്ടങ്ങളുടെ എണ്ണം | 352 |
| പഞ്ചായത്തിലെ ആകെ വാർഡുകളുടെ എണ്ണം | 17 |
| സോഷ്യൽ ഓഡിറ്റ് നടത്തിയ ഗ്രാമ സഭകളുടെ എണ്ണം | 17 |
| വിഭാവനം ചെയ്ത പദ്ധതികളുടെ എണ്ണം | 29 |
| അനുമതി ലഭിച്ച പദ്ധതികളുടെ എണ്ണം | 29 |
| തൻവർഷം പൂർത്തീകരിച്ച പുതിയ പദ്ധതികളുടെ എണ്ണം | 23 |
| തൻവർഷം പൂർത്തീകരിച്ച സ്പിൽ ഓവർ പദ്ധതികളുടെ എണ്ണം | 21 |
| ഉപേക്ഷിച്ച പദ്ധതികളുടെ എണ്ണം | 5 |
| തൻവർഷം സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങളുടെ എണ്ണം | 309975 |

| | |
|---|---|
| പരാതി രജിസ്റ്റർ പരിപാലനം (ഉണ്ട്/ ഇല്ല) | ഉണ്ട് |
| ആസ്തി രജിസ്റ്റർ (ഉണ്ട്/ ഇല്ല) | ഉണ്ട് |
| ലേബർ കമ്പോണന്റ് ഇനത്തിലെ ആകെ ചെലവ് | 955.32 |
| മെറ്റീരിയൽ കമ്പോണന്റ് ഇനത്തിലെ ആകെ ചെലവ് | 164.79 Lakhs |
| പൂർത്തീകരിച്ച സ്ഥിര ആസ്തികളുടെ വിവരം /മൂല്യം | 164.79 Lakhs |
| 22-23-ൽ നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണവും ചെലവഴിച്ച തുകയും | 1120.02 Lakhs |
| തുടർച്ചയായി 3 വർഷത്തിലധികമായി മേറ്റായി/കൺവീനർമാരായി പ്രവർത്തിക്കുന്നവരുടെ എണ്ണം | ഇല്ല |

## 1-9-1 വരവ് ചെലവ് കണക്കുകൾ

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് (I-14 F, I-14 C എന്നിവ പ്രകാരം) | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 15280 | 1965986 | 1981266 | 986587 | 14117 * |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 110809545 | 110809545 | 110809545 | - |
| ആകെ | 15280 | 112775531 | 112790811 | 111796132 | |

* ഭരണചെലവുകൾ എന്ന ഇനത്തിൽ മുന്നിരിപ്പ് ഉൾപ്പെടെയുള്ള ആകെ 1981266 രൂപയിൽ നിന്നും 986587 (974669+11918) രൂപയുടെ ചെലവ് കുറവ് ചെയ്യുമ്പോൾ നീക്കിയിരിപ്പായി വരേണ്ട തുക 994679 രൂപയാണ്.

## 1-9-2 എം.എൻ.ആർ.ഇ.ജി.എസിന്റെ ക്യാഷ് ബുക്ക് പ്രകാരമുള്ള വരവ്,ചെലവ് എന്നിവ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള വരവ്,ചെലവുമായി പൊരുത്തപ്പെടുന്നില്ല.

എം.എൻ.ആർ.ഇ.ജി.എസിന്റെ ക്യാഷ് ബുക്ക് പ്രകാരമുള്ള വരവ്,ചെലവ് എന്നിവ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള വരവ്,ചെലവുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു

| | ക്യാഷ് ബുക്ക് പ്രകാരം | വാർഷിക ധനകാര്യപത്രിക പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 15280 | 15280 |
| വരവ് | 1983846 | 1965986 |
| ആകെ | 1999126 | 1981266 |
| ചെലവ് | 1969729 | 986587 (I-14F) |
| നീക്കിയിരിപ്പ് | *14117 | **14117 |

*29397 രൂപയാണ് നീക്കിയിരിപ്പായി വരേണ്ടിയിരുന്ന തുക

** 994679 രൂപയാണ് നീക്കിയിരിപ്പായി വരേണ്ടിയിരുന്ന തുക

## 1-9-3 2,50,000 /- രൂപയ്ക്ക് മുകളിൽ ചെലവായ മെറ്റീരിയൽ വർക്കുകൾക്ക് ജി.എസ്.ടി തുക ഉറവിടത്തിൽ കുറവ് ചെയ്തിട്ടില്ല

2017-ലെ സെൻട്രൽ ഗുഡ്സ് ആൻഡ് സർവ്വീസസ് ടാക്സ് ആക്റ്റിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs-ന്റെ 13.09.2018-ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018-ലെ സർക്കുലർ നമ്പർ 65/39/2018-DOR എന്നിവ പ്രകാരം 2,50,000/- രൂപയിൽ അധികരിക്കുന്ന കരാർ

തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടക്കേണ്ടതുണ്ട്. തൊഴിലുറപ്പ് പദ്ധതിയിൽ നടപ്പിലാക്കിയ മെറ്റീരിയൽ വർക്കുകൾ പരിശോധിച്ചതിൽ 250000 /- രൂപയ്ക്ക് മുകളിൽ ചെലവായ വർക്കുകൾക്ക് ജി.എസ്.ടി T D S ഈടാക്കിയതായി കാണുന്നില്ല. ചില ഉദാഹരണം ചുവടെ ചേർക്കുന്നു

| വർക്ക് കോഡ് | വർക്കിന്റെ പേര് | ആകെ ചെലവ് |
|---|---|---|
| RC/428766 | മേമല കല്ലണ പച്ചവീട് വരെയുള്ള തോടിന്റെ സൈഡ് വാൾ കെട്ടി സംരക്ഷണം | 373186/- |
| RC/339347 | ഗണപതിയാംകോട്- മേലേ കൊപ്പം മന്നംപ്പള്ളി ഇട റോഡ് കോൺക്രീറ്റ് | 341535/- |
| RC/339422 | മൈലക്കോണം ഇടറോഡ് കോൺക്രീറ്റിംഗ് | 256343/- |
| RC/339348 | ഗണപതിയാംകോട്- ശാസ്താംകാവ് പന്നിക്കോണം ഇട റോഡ് കോൺക്രീറ്റ് | 499959/- |
| WC/428743 | മരുതാംമല മക്കിതോടിന്റെ സൈഡ് വാൾ കേട്ടി സംരക്ഷണം | 458687/- |
| WC/428791 | വിതുര താവയ്ക്കൽ തോട് സൈഡ് വാൾ കെട്ടി സംരക്ഷണം | 442341/- |
| RC/339335 | ചെറ്റച്ചൽ വാവുപുര റോഡ് കോൺ ക്രീറ്റ് | 471112/- |
| RC/339852 | പൊന്നാം ചുണ്ട് കുന്നിൽ റോഡ് കോൺക്രീറ്റിംഗ് | 451654/- |
| RC/339378 | മരുതാംമല മക്കി വട്ടക്കുഴി റോഡ് കോൺക്രീറ്റ് | 431079/- |

ഇതു സംബന്ധിച്ച് നൽകിയ ആഡിറ്റ് എൻക്വയറിയ്ക്ക് (13/23, 28/11/23) റ്റി ഡി എസ് പിടിക്കുന്നതിനുള്ള നിർദ്ദേശം നല്കിയിട്ടുണ്ടെന്നും 2023 ഒക്ടോബർ മാസം മുതൽ റ്റി ഡി എസ് തുക അടച്ചു വരുന്നുണ്ടെന്നും മറുപടി നല്കി. മേൽ അപാകം ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-9-4 ഗ്രാമീണ തൊഴിലുറപ്പ പദ്ധതി--മറ്റു അപാകതകൾ

എം.എൻ.ആർ.ഇ.ജി.എസ് മാസ്റ്റർ സർക്കുലർ 2022-23 ഖ,7.12.5 Annexure VII പ്രകാരം വർക്ക് ഫയലിനോടൊപ്പം അവശ്യം സൂക്ഷിക്കേണ്ട രേഖകൾ പരാമർശിച്ചിട്ടുണ്ട്. എന്നാൽ ഇതിൽ പരാമർശിക്കുന്ന രേഖകളിൽ താഴെ പറയുന്നവ ഫയലിനോടൊപ്പം ലഭ്യമായിട്ടില്ല.

1. ഭൂരിഭാഗം പ്രവൃത്തികളുടെ ഫയലിലും സൈറ്റ് ഡയറി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

2. ഡിസൈന്റെ കോപ്പി ഫയലിൽ ലഭ്യമല്ല.

3. പ്രവൃത്തി നിർവ്വഹണവുമായി ബന്ധപ്പെട്ട് പ്രവൃത്തി ആരംഭിക്കുന്നതിന് മുമ്പ്, പ്രവൃത്തി നിർവ്വഹണ ഘട്ടത്തിൽ, പൂർത്തീകരണ ഘട്ടത്തിലെ ഫോട്ടോകളുടെ പ്രിന്റ് ഫയലിൽ സൂക്ഷിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. എന്നാൽ ആയത് ഫയലിൽ ലഭ്യമല്ല.

4. നിർമ്മാണ പ്രവൃത്തികളുടെ സാധൂകരണത്തിനായുള്ള ജിയോടാഗ് ഫോട്ടോഗ്രാഫുകൾ പ്രവൃത്തിസ്ഥലം തിരിച്ചറിയുന്നിനുള്ള ഉപാധിയാണ്. എന്നാൽ ഇവ മിക്ക ഫയലിലും ചേർത്തിട്ടില്ല.

5. പ്രവൃത്തി പൂർത്തീകരിക്കുന്ന സാഹചര്യത്തിൽ ബന്ധപ്പെട്ട എൻജിനീയറുടെ പൂർത്തീകരണ സാക്ഷ്യപത്രം/മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല.

6. Muster Roll Movement Slip , Work Completion Certificate എന്നിവ ഫയലിനോടൊപ്പം സൂക്ഷിച്ചിട്ടില്ല

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17.09.2022 | 7/22 ലെ മാത്രം | ലഭിച്ചിട്ടില്ല |
| അക്കൗണ്ട് ജനറലിന്റെ ഓഡിറ്റ് | 18.10.22 മുതൽ 24.10.22 വരെ | 2017 മുതൽ 2022 വരെ | 30.11.2022 |

## 1-11 തനത് വരുമാനം സംബന്ധിച്ച നിരീക്ഷണം

വിതുര ഗ്രാമ പഞ്ചായത്തിലെ നികുതി- നികുതിയേതര വരവിന്റെ സമാഹരണത്തിലെ കാര്യക്ഷമതാ വിശകലനത്തിനായി ഗ്രാമ പഞ്ചായത്തിന് നൽകിയ ഓഡിറ്റ് എൻക്വയറി നം. 1/24.11.23ന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ അവസ്ഥാ വിശകലനം ചുവടെ ചേർക്കുന്നു.

1. ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനത്തിന് പ്രധാനമായും ആശ്രയിക്കുന്നത് പരമ്പരാഗത വരുമാന മാർഗ്ഗങ്ങളായ വസ്തു നികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീസ്, പെർമിറ്റ് ഫീസ് തുടങ്ങിയവയെ ആണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി സാമ്പത്തിക വർഷാരംഭത്തിൽ പുതിയ ധന സ്രോതസ്സുകൾ കണ്ടെത്തിയിട്ടില്ല. പുതിയ തനതുവരുമാന സ്രോതസ്സുകൾ കണ്ടെത്തി അധിക തുക തനത് ഫണ്ടിൽ മുതൽക്കൂട്ടുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ക്രിയാത്മകമായ ഇടപെടൽ നടത്തേണ്ടതാണ്. കണ്ടെത്തിയ സ്രോതസ്സുകൾ ബജറ്റിൽ ഉൾപ്പെടുത്തുകയും സമാഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

2. തനതുവരുമാനങ്ങൾ (നിലവിൽ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്) പിരിച്ചെടുക്കാൻ ധനകാര്യസ്റ്റാൻഡിംഗ് സ്വീകരിച്ച നടപടികളുടെ വിവരം ആവശ്യപ്പെട്ടതിന് വസ്തു നികുതി പിരിക്കുന്നതിന് ഡിമാന്റ് നോട്ടീസ് നല്കുകയും ക്യാമ്പ് കളക്ഷൻ നടത്തുന്നതിന് നടപടി സ്വീകരിച്ചതായും അറിയിച്ചെങ്കിലും മറ്റ് വരുമാനങ്ങൾ പിരിച്ചെടുക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുള്ളതായി അറിയിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിൽ നികുതി നികുതിയേതര വരുമാനം കാര്യക്ഷമമായി പിരിച്ചെടുക്കപ്പെടുന്നില്ല. തനത് വരുമാനം 90% എങ്കിലും പിരിച്ചെടുക്കാത്തതിനാൽ ഗ്രാമ പഞ്ചായത്തിന്റെ വികസനഫണ്ടിൽ നിന്നും ജി.ഒ(എം.എസ്)നം. 179/2022/ഫിൻ തീ. 18/10/2022 പ്രകാരം **371820** രൂപ കുറവ് ചെയ്തിട്ടുണ്ട്. തനതുവരുമാനങ്ങൾ കൂടുതൽ കാര്യക്ഷമമായി പിരിച്ചെടുക്കുന്നതിന് വരും വർഷങ്ങളിൽ ശ്രദ്ധിക്കേണ്ടതാണ്.

3. മാർച്ച് 31 2023 പ്രകാരമുള്ള ബാലൻസ്ഷീറ്റിൽ **1944271** രൂപയുടെ തനത് വരുമാനം പിരിച്ചടുക്കാൻ അവശേഷിക്കുന്നതായി കാണുന്നു. 2023 മാർച്ച് 31 പ്രകാരമുള്ള ബാലൻസ്ഷീറ്റിൽ വസ്തു നികുതി, വാടക, ലേലം എന്നീ ഇനങ്ങളിലാണ് തുക പിരിച്ചെടുക്കാൻ അവശേഷിക്കുന്നത് . എന്നാൽ കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ പരിപാലിക്കാത്തതിനാൽ ഏത് സാമ്പത്തിക വർഷം പിരിച്ചെടുക്കാൻ അവശേഷിച്ച തുകയാണ് ബാലൻസ് ഷീറ്റിൽ അരിയർ ഇനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത് എന്നത് വ്യക്തമല്ല. കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുകയും പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുക പൂർണ്ണമായി പിരിച്ചെടുത്ത് തനത് ഫണ്ടിൽ മുതൽക്കൂട്ടേണ്ടതുമാണ്.

4. 1-4-2023-ലെ വസ്തു നികുതി പരിഷ്കരണ നിരക്കുകൾ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 5/05/2023 ലെ യോഗത്തിൽ ചർച്ച ചെയ്ത് 1-4-2023 പ്രാബല്യത്തിൽ നിരക്കുകൾ വർധിപ്പിക്കുന്നതിന് 24/2023 നമ്പർ തീരുമാന പ്രകാരം നടപടി സ്വീകരിച്ചതായി അറിയിച്ചിട്ടുണ്ട്. പരിഷ്കരിച്ച വസ്തു നികുതി നിരക്കുകൾ പ്രാബല്യത്തിൽ ആയതിന് മുൻപുള്ള ഡിമാന്റ് തുക 3561857 രൂപയും പരിഷ്കരിച്ച നിരക്കുകൾ പ്രാബല്യത്തിൽ ആയതിന് ശേഷമുള്ള ഡിമാന്റ് തുക 4167811 രൂപയുമാണ് എന്നറിയിച്ചിട്ടുണ്ട്. നികുതി തുക സമയബന്ധിതമായി പിരിച്ചെടുത്ത് പ്രസ്തുത തുക ഗ്രാമപഞ്ചായത്തിന്റെ വിവിധ വികസന പ്രവർത്തനങ്ങൾക്ക് മുതൽക്കൂട്ടേണ്ടതാണ്.

5. ഗ്രാമ പഞ്ചായത്തിന്റെ വരവ്- ചെലവ് കണക്കുകൾ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ അവതരിപ്പിക്കുന്നുണ്ടെങ്കിലും സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങൾ ആരും തന്നെ തനത് വരവ് രജിസ്റ്ററുകൾ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയതായി കാണുന്നില്ല. കൃത്യമായ ഇടവേളകളിൽ രജിസ്റ്ററുകൾ പരിശോധിച്ച് നികുതി – നികുതിയേതര വരവ് പിരിച്ചെടുക്കുന്നതിലെ കൃത്യത വിലയിരുത്തേണ്ടതാണ്.

6.ബജറ്റിലെ പ്രതീക്ഷിത വസ്തു നികുതി വരവ് സഞ്ചയ പ്രകാരമുള്ള വരവുമായി പൊരുത്തപ്പെടുന്നില്ല. റിവൈസ്ഡ് ബജറ്റ് പ്രകാരം കുടിശ്ശിക ഉൾപ്പെടെ പ്രതീക്ഷിത വരുമാനം 50 ലക്ഷം രൂപയാണ്. എന്നാൽ 3531885 രൂപ മാത്രമേ കളക്ഷനിൽ എത്തിക്കാനായിട്ടുള്ളൂ . പല നികുതി ദായകരും സ്ഥലത്തില്ലാത്തതിനാലും സാമ്പത്തിക ബുദ്ധിമുട്ടുകൾ കാരണം യഥാസമയം നികുതി ദായകർക്ക് നികുതി അടവാക്കുന്നതിന് കഴിയാത്തതിനാലും ബജറ്റ് പ്രകാരം പ്രതീക്ഷിത വരുമാനത്തിലേയ്ക്ക് എത്തിക്കുന്നതിന് കഴിഞ്ഞില്ല എന്നാണ് ഇത് സംബന്ധിച്ച് നല്കിയ വിശദീകരണം. പിരിച്ചെടുക്കാൻ അവശേഷിക്കുന്ന നികുതി തുകകൾ പിരിച്ചെടുക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി സജീവ ഇടപെടൽ നടത്തേണ്ടതാണ്.

7. തദ്ദേശസ്ഥാപനത്തിന്റെ അനുമതിയില്ലാതെയും, അനുമതി വാങ്ങിയശേഷവും കൂടുതൽ വിസ്തീർണം വർദ്ധിപ്പിച്ച് ഉണ്ടാകുന്ന കെട്ടിടങ്ങളുടെ നികുതി ചോർച്ച കണ്ടെത്തിയ ഫീൽഡ് തല അന്വേഷണവിവരങ്ങൾ ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി വഴി ആവശ്യപ്പെട്ടതിന് ഫീൽഡ് തല അന്വേഷണം നടത്തുന്നതിന് ഉദ്യോഗസ്ഥരെ

ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും പരിശോധനയും വിവര ശേഖരണവും നടന്നു വരുന്നെന്നും മറുപടി നല്കിയെങ്കിലും അനുബന്ധ രേഖകൾ ലഭ്യമാക്കാത്തതിനാൽ മറുപടിയുടെ ആധികാരികത ബോധ്യപ്പെട്ടിട്ടില്ല. ഫീൽഡ് തല അന്വേഷണം നടത്തിയതിന്റെയും ആയതിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തിയ അനധികൃത നിർമ്മാണങ്ങൾക്കെതിരെ നടപടി സ്വീകരിച്ചതിന്റെയും വിവരം അനുബന്ധ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

8. തദ്ദേശ സ്ഥാപനം നൽകുന്ന വിവിധ സേവനങ്ങൾക്കുള്ള സേവനഉപനികുതി (കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും ചട്ടങ്ങൾ) ചട്ടം 26 പ്രകാരം ചുമത്തിയിട്ടില്ല. 2011 ലെ കേരള പഞ്ചായത്ത്‌രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26,27,28 എന്നിവ പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്തെ സേവന ഉപനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടില്ലാത്ത ഏതൊരു കെട്ടിടത്തിന്റെയും ഉടമസ്ഥനിൽ നിന്നും പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം , ജലവിതരണം തെരുവു വിളക്കുകൾ, ഡ്രെയിനേജ് എന്നിങ്ങനെയുള്ള സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. സേവനങ്ങൾ ലഭ്യമാക്കാത്ത കെട്ടിടങ്ങളെ സേവന ഉപനികുതിയിൽ നിന്നും ഒഴിവാക്കാവുന്നതാണ്. തനത് വരുമാനം വർധിപ്പിക്കുന്നതിന് സേവന ഉപനികുതിയുടെ സാധ്യത പരിശോധിക്കാവുന്നതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ടി വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

9. നികുതിയിളവ് നൽകിയ കെട്ടിടങ്ങളുടെ വിവരങ്ങൾ അടങ്ങിയ രജിസ്റ്ററുകൾ ഗ്രാമ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. വിവരങ്ങൾ സോഫ്റ്റ്‌വെയറിൽ ലഭ്യമാണ് എന്നതാണ് ഇതിന് ലഭിച്ച വിശദീകരണം . നികുതിയിളവ് നൽകുന്നതുമായി ബന്ധപ്പെട്ട് പ്രത്യേക രജിസ്റ്ററുകൾ സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തലോടു കൂടി സൂക്ഷിക്കേണ്ടതാണ്

10. തദ്ദേശസ്ഥാപന പരിധിയിലെ സർക്കാർ/കേന്ദ്ര സർക്കാർ കെട്ടിടങ്ങളുടെ വിവരം ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിൽ നിന്നും സർവ്വീസ് ചാർജ് (കേരള പഞ്ചായത്ത് രാജ് സേവനഉപനികുതിയും സർചാർജ് ചട്ടങ്ങൾ ചട്ടം 30 പ്രകാരം ) ഈടാക്കുന്നില്ല. സേവന ഉപനികുതിയും സർചാർജ് ചട്ടങ്ങൾ ചട്ടം 30 പ്രകാരം കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിൽ നിന്നും സർവ്വീസ് ചാർജ് ഈടാക്കുന്നതിന്റെ സാധ്യത ഗ്രാമ പഞ്ചായത്തിന് പരിശോധിക്കാവുന്നതാണ്.

11. പുതിയ സേവനനികുതി മാർഗ്ഗങ്ങൾ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി ശുപാർശ ചെയ്തിട്ടില്ല. പുതിയ സേവനനികുതി മാർഗ്ഗങ്ങൾ കണ്ടെത്തി അധികമായി ലഭിക്കുന്ന തുക തനത്ഫണ്ടിൽ മുതൽക്കൂട്ടി പഞ്ചായത്തിലെ വികസന പ്രവർത്തനങ്ങൾക്കായി പ്രയോജനപ്പെടുത്തേണ്ടതാണ്.

12. തദ്ദേശ സ്ഥാപനത്തിലെ മുഴുവൻ കെട്ടിടങ്ങളും ഓരോ വർഷവും സെക്രട്ടറിയോ ,സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ സാമ്പത്തിക വർഷാവസാനത്തിന് മുമ്പ് പരിശോധിച്ച് സഞ്ചയയിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നുവെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ എന്ന ചോദ്യത്തിന് ആയത് ഉറപ്പ് വരുത്തിയിട്ടുണ്ടെന്ന് മറുപടി നല്കിയെങ്കിലും ഫീൽഡ് തല അന്വേഷണം നടത്തിയതുമായി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

13. ഗ്രാമപഞ്ചായത്തിൽ സ്വകാര്യ സ്ഥാപനങ്ങൾ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, പ്രൊഫഷണലുകൾ, ഹെവി വാഹന ഉടമകൾ, റേഷൻ വ്യാപാരികൾ,സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങി തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡേറ്റാബേസ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡേറ്റാബേസ് തയ്യാറാക്കി മുഴുവൻ പേരിൽ നിന്നും നികുതി ഈടാക്കി അറിയിക്കേണ്ടതാണ്

14. ഗ്രാമപഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് 60 ദിവസത്തിലധികം പ്രവൃത്തി നിർവ്വഹിച്ച കരാറുകാർ തൊഴിൽ നികുതി അടവാക്കിയിട്ടില്ല. നികുതി ഒടുക്കാൻ ബാധ്യസ്ഥരായ കരാറുകാരിൽ നിന്നും നികുതി ഈടാക്കി പ്രസ്തുത വിവരം അനുബന്ധ രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

15. അമ്യൂസ്മെന്റ് പാർക്ക്,ടർഫ് കോർട്ട്,ഇൻഡോർ ക്ലബ് ./സ്റ്റേഡിയം,നീന്തൽക്കുളങ്ങൾ,കേബിൾ ,ടി.വി നെറ്റ് വർക്ക്,ഹൌസ് ബോട്ടുകൾ,പ്രദർശന വിപണന മേളകൾ എന്നിവയിൽ നിന്നും വിനോദനികുതി ഈടാക്കുന്നതിനുള്ള സാധ്യത ധനകാര്യസ്റ്റൻഡിംഗ് കമ്മിറ്റിയോ,ഭരണസമിതിയോ ശുപാർശ ചെയ്തിട്ടുണ്ടോ എന്ന ചോദ്യത്തിന് കൃത്യമായ മറുപടി ലഭ്യമാക്കിയിട്ടില്ല. വിനോദനികുതി ഈടാക്കുന്നതിനുള്ള സാധ്യത പരിശോധിച്ച് ശിപാർശ സമർപ്പിക്കാവുന്നതാണ്

ബജറ്റിൽ നിർദ്ദേശിച്ചിട്ടുള്ള വിഭവങ്ങൾ നിശ്ചിത സമയ പരിധിയ്ക്കുള്ളിൽ സമാഹരിച്ചിട്ടുണ്ടെന്നും മുൻവർഷങ്ങളിലെയോ തൻ വർഷത്തെയോ വരവിനങ്ങളൊന്നും സാമ്പത്തിക വർഷാവസാനത്തിൽ പിരിച്ചെടുക്കാൻ അവശേഷിക്കുന്നില്ലെന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ വരവ് വർധിപ്പിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കുവാനും, പുതിയ ധനാഗമ മാർഗ്ഗങ്ങൾ കണ്ടെത്തുവാനും, നികുതി ചോർച്ച തടയാനും കുടിശ്ശിക പിരിച്ചെടുക്കാനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഫലപ്രദമായ ഇടപെടൽ ഉണ്ടാകേണ്ടതാണ്.

## 1-12 തനത് വരുമാനം കൃത്യമായി പിരിച്ചെടുക്കാത്തതിനാൽ വികസനഫണ്ടിൽ നിന്നും 371820 രൂപ നഷ്ടമായി

ഡിമാന്റ് ചെയ്യപ്പെടുന്ന തനത് വരുമാനത്തിന്റെ 90% എങ്കിലും ശേഖരിക്കാത്ത പ്രാദേശിക സർക്കാരുകളുടെ വികസന ഫണ്ടിൽ നിന്നും ഒരു ശതമാനം കുറവ് ചെയ്യുന്നതിന് ജി.ഒ(എം.എസ്)നം. 179/2022/ഫിൻ തീ. 18/10/2022 ൽ തീരുമാനം എടുത്തിട്ടുണ്ട്. പ്രാദേശിക സർക്കാരുകൾക്ക് 2022-23 സാമ്പത്തിക വർഷത്തെ വികസനഫണ്ടിന്റെ മൂന്നാം ഗഡു സ.ഉ. (സാധാ) നം. 1049/2023/ ധന തീ. 13-02-2023 പ്രകാരം ലഭ്യമാക്കിയതിൽ ഗ്രാമപഞ്ചായത്തിന്റെ വികസനഫണ്ടിൽ നിന്നും 371820 രൂപ മേൽ ഉത്തരവ് പ്രകാരം കുറവ് ചെയ്തിട്ടുണ്ട്. തനത് വരുമാനം കാര്യക്ഷമമായി പിരിച്ചെടുക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നം 2/24.11.23ന് കൃത്യമായ വിശദീകരണം ലഭ്യമാക്കിയില്ലെങ്കിലും വരും വർഷങ്ങളിൽ കുടിശ്ശിക പൂർണ്ണമായി പിരിച്ചെടുക്കുന്നതാണെന്ന് മറുപടി അറിയിച്ചു . എന്നാൽ വാർഷിക ധനകാര്യ പത്രിക പ്രകാരം തൻവർഷവും തനത് വരുമാനം പൂർണ്ണമായും പിരിച്ചെടുത്തിട്ടില്ല. ബജറ്റിൽ നിർദ്ദേശിച്ചിട്ടുള്ള തനത് വരുമാനങ്ങൾ നിശ്ചിത സമയ പരിധിയ്ക്കുള്ളിൽ സമാഹരിച്ചിട്ടുണ്ടെന്നും മുൻവർഷങ്ങളിലെയോ തനത് സാമ്പത്തിക വർഷത്തെയോ വരവിനങ്ങളൊന്നും സാമ്പത്തിക വർഷാവസാനത്തിൽ പിരിച്ചെടുക്കാൻ അവശേഷിക്കുന്നില്ല എന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പാക്കിയിട്ടില്ല. പ്രതീക്ഷിത വരവും യഥാർത്ഥ വരുമാനവും തമ്മിലുള്ള അന്തരം കുറയ്ക്കുന്നതിന് സ്റ്റാന്റിംഗ് കമ്മിറ്റി സജീവ ഇടപെടൽ നടത്തേണ്ടതാണ്. തനത് വരുമാനം പിരിച്ചെടുക്കുന്നതിലെ കുറവ് ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കും എന്നതിനാൽ തനത് വരുമാനത്തിന്റെ വർധനവ് ഉറപ്പ് വരുത്തുക ഗ്രാമ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം അതീവ പ്രാധാന്യം അർഹിക്കുന്ന വിഷയമാണ്. നികുതി -നികുതിയേതര വരുമാനം ഡിമാന്റ് ചെയ്യുന്നതിനും പിരിച്ചെടുക്കുന്നതിനും, വരുമാന വർധനവിന് ക്രിയാത്മകമായ മാർഗ്ഗങ്ങൾ നടപ്പിലാക്കുന്നതിനും വരും വർഷങ്ങളിൽ പ്രാധാന്യം നൽകേണ്ടതാണ്.

### 1-13 1944271 രൂപയുടെ തനത് വരുമാനം പിരിച്ചെടുക്കാൻ അവശേഷിക്കുന്നു.

ഗ്രാമ പഞ്ചായത്തിന്റെ ബാലൻസ്ഷീറ്റിൽ B-15 Sundry Debtors (Receivables) എന്ന ഹെഡിൽ 2023 മാർച്ച് 31 പ്രകാരം വിവിധ ഇനങ്ങളിൽ നിന്നും ഗ്രാമ പഞ്ചായത്തിന് ലഭിക്കാനുള്ള തുകയായി 7,652,878 രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽ Receivables Of Redemption എന്ന ഇനത്തിലെ തുകയായ 5,708,607 രൂപ കഴിച്ച് ബാക്കി **1944271** രൂപ പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും നാളിതുവരെ ഇതിൽ എത്ര തുക പിരിച്ചെടുത്തിട്ടുണ്ടെന്ന വിവരവും ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നം. 2/24.11.23 ന് നാളിതുവരെ വസ്തു നികുതി, വാടക എന്നീ ഇനങ്ങളിലായി 210758 രൂപ (118997+87469+4292) പിരിച്ചെടുത്തിട്ടുണ്ടെന്ന് മറുപടി നല്കിയെങ്കിലും മറുപടിയുടെ ആധികാരികത പരിശോധിച്ച് ഉറപ്പ് വരുത്തുന്നതിനുള്ള രേഖകൾ ഇതോടൊപ്പം ലഭ്യമാക്കിയിട്ടില്ല. ബാലൻസ് ഷീറ്റ് പ്രകാരം പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു

| ഹെഡ് കോഡ് | ഹെഡ് | തുക |
|---|---|---|
| 431100101 | Receivables For Property<br>Tax On Residential Buildings(Current) | 329015 |
| 431100102 | Receivables For Property<br>Tax On Residential Buildings (Arrears) | 507314 |
| 431100103 | Receivables For Property<br>Tax On Non-Residential Buildings (Current) | 461594 |
| 431100104 | Receivables For Property<br>Tax On Non-Residential Buildings (Arrears) | 646845 |
| 431910101 | State Govt. Cesses/ Levies In Property<br>Taxes - Control Account | -94005 |
| 431400101 | Rent Receivables From Buildings(Current) | 34400 |
| 431400102 | Rent Receivables From Buildings(Arrears) | 52858 |
| 431400115 | Receivables Towards Usufructs Of Trees(Current) | 6250 |
| ആകെ | | **1944271** |

പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുക പൂർണ്ണമായും പിരിച്ചെടുത്ത് പ്രസ്തുത വിവരം അനുബന്ധ രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-14 2022-23 സാമ്പത്തിക വർഷം പുതുതായി നികുതി അസസ്സ് ചെയ്ത കെട്ടിടങ്ങളുടെ പെർമിറ്റ് സംബന്ധിച്ച വിവരം സഞ്ചയ സോഫ്റ്റ്‌വെയറിൽ ചേർത്തിട്ടില്ല**

സഞ്ചയയിൽ നിന്നും ലഭ്യമാക്കിയ രേഖകൾ പ്രകാരം 2022-23 സാമ്പത്തിക വർഷം പുതുതായി കെട്ടിട നമ്പർ അനുവദിച്ച് വസ്തു നികുതി അസസ്സ് ചെയ്തിട്ടുള്ള കെട്ടിടങ്ങളുടെ എണ്ണം 343 ആണ്. ഇതിൽ 'പാർപ്പിടാവശ്യം' എന്ന ഉപയോഗക്രമം രേഖപ്പെടുത്തിയിട്ടുള്ള 100 ച.മീ ന് മുകളിൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ വിവരം മാത്രം പരിശോധിച്ചതിൽ ആകെയുള്ള 71 കെട്ടിടങ്ങളിൽ 3 കെട്ടിടങ്ങളുടെ പെർമിറ്റ് നം. മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത് എന്നത് ശ്രദ്ധയിൽപ്പെട്ടു. 2 കെട്ടിടങ്ങൾ Regularisation എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ബാക്കി 66 കെട്ടിടങ്ങളുടെ പെർമിറ്റ് വിവരം ( പെർമിറ്റ് നം, പെർമിറ്റ് അനുവദിച്ച തീയതി എന്നിവ) സഞ്ചയ സോഫ്റ്റ്‌വെയറിൽ ചേർത്തിട്ടില്ല.

മറ്റ് ഉപയോഗ ക്രമത്തിലുള്ള കെട്ടിടങ്ങളുടെ കാര്യത്തിലും ഇതേ അപാകം ആവർത്തിക്കപ്പെട്ടിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു

| കെട്ടിടത്തിന്റെ ഉപയോഗ ക്രമം | 2022-23 വർഷത്തിൽ പുതുതായി നമ്പർ അനുവദിച്ച് നികുതി അസസ്സ് ചെയ്തിട്ടുള്ള കെട്ടിടങ്ങളുടെ എണ്ണം | പെർമിറ്റ് വിവരം രേഖപ്പെടുത്തിയിട്ടുള്ള കെട്ടിടങ്ങളുടെ എണ്ണം | പെർമിറ്റ് വിവരം രേഖപ്പെടുത്തിയിട്ടില്ലാത്തവയുടെ എണ്ണം |
|---|---|---|---|
| അസംബ്ലി കെട്ടിടം,കൺവെൻഷൻ സെൻറർ,ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ് , സിനിമ തിയേറ്റർ | 4 | 0 | 4 |
| ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ | 3 | 1 | 2 |
| ഓഫീസ് ആവശ്യത്തിനുള്ള ഉവ (വ്യവസായ ശാലകളുടെ ഓഫീസ് കെട്ടിടം ഉൾപ്പടെ) | 2 | 0 | 2 |
| വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 5 | 0 | 5 |
| വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 49 | 9+ 4 Regularisation | 36 |
| വിദ്യാഭ്യാസാവശ്യം | 2 | 0 | 2 |
| വ്യവസായത്തിനാവശ്യമുള്ളവ- കൈത്തറി ഷെഡ്, കയർ പിരി ഷെഡ് | 8 | 0 | 8 |
| സ്വകാര്യ ഹോസ്റ്റൽ , ഹോംസ്റ്റേ | 1 | 0 | 1 |

മുഴവൻ കെട്ടിടങ്ങളുടെയും പെർമിറ്റ് സംബന്ധമായ വിവരങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ ചേർക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നം. 34/2.12.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കെട്ടിടങ്ങളുടെ പെർമിറ്റ് സംബന്ധമായ വിവരം സഞ്ചയ സോഫ്റ്റ്‌വെയറിൽ ചേർക്കാത്തതിന് കൃത്യമായ വിശദീകരണം ലഭ്യമാക്കുകയും മുഴവൻ പെർമിറ്റ് വിവരങ്ങളും സോഫ്റ്റ്‌വെയറിൽ ചേർത്ത് കാലികമാക്കേണ്ടതുമാണ്.

**1-15 മുഴവൻ വാണിജ്യ സ്ഥാപനങ്ങൾക്കും ലൈസൻസ് അനുവദിച്ച് നല്കിയിട്ടില്ല**

സഞ്ചയ സോഫ്റ്റ്‌വെയറിൽ ലഭ്യമായ വാണിജ്യ കെട്ടിടങ്ങളുടെ എണ്ണവും 2022-23 സാമ്പത്തിക വർഷത്തിൽ

ലൈസൻസ് അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളുടെ എണ്ണവും തമ്മിൽ അന്തരം നിലനിൽക്കുന്നു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിടത്തിന്റെ ഉപയോഗക്രമം | കെട്ടിടങ്ങളുടെ എണ്ണം |
|---|---|---|
| 1 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 1682 |
| 2 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 90 |
| 3 | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 5 |
| 4 | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 2 |
| 4 | വാണിജ്യാവശ്യത്തിനുള്ളവ ബങ്കുകൾ , പെട്ടികടകൾ , കമ്പ്യൂട്ടർ സെന്റർ, ഫ്യൂവൽ സ്റ്റേഷൻ | 9 |
| 5 | അസംബ്ലി കെട്ടിടം,കൺവെൻഷൻ സെൻറർ,ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ് , സിനിമ തിയേറ്റർ | 51 |
| | ആകെ | 1839 |

472 സ്ഥാപനങ്ങൾക്കാണ് 2022-23 സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്റർ പ്രകാരം ലൈസൻസ് അനുവദിച്ച് നൽകിയിട്ടുള്ളത് . ലൈസൻസ് നൽകിയ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളിലൊഴികെ മറ്റ് കെട്ടിടങ്ങളിൽ ലൈസൻസ് ഇല്ലാതെ വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്നത് (ലൈസൻസ് എടുക്കുന്നതിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ള സ്ഥാപനങ്ങൾ ഒഴികെ) ഫീൽഡ് തല അന്വേഷണം നടത്തി ഉറപ്പ് വരുത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം അനുബന്ധ രേഖകൾ സഹിതം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 35/02.12.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 232,233 എന്നിവ പ്രകാരം ലൈസൻസ് കൂടാതെ ഒരാവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കുവാൻ പാടില്ല. ആയത് ഫീൽഡ് തല പരിശോധന നടത്തി ഉറപ്പ് വരുത്തി പ്രസ്തുത വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2022-23 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി പൂർണ്ണമായും ഈടാക്കിയിട്ടില്ല എന്നു കാണുന്നു. വിശദംശങ്ങൾ താഴെ നൽകുന്നു.

| സ്ഥാപനത്തിന്റെ പേര് | ഒന്നാം അർദ്ധവാർഷികം | രണ്ടാം അർദ്ധവാർഷികം |
|---|---|---|
| BSNL വിതുര | ഇല്ല | ഇല്ല |
| വില്ലേജ് ഓഫീസ് വിതുര | ഇല്ല | ഒടുക്കിയിട്ടുണ്ട് |
| താലൂക് ഹോസ്പിറ്റൽ വിതുര | ഇല്ല | ഒടുക്കിയിട്ടുണ്ട് |
| LSGD SECTION വിതുര | ഇല്ല | ഒടുക്കിയിട്ടുണ്ട് |

പ്രസ്തുത സ്ഥാപങ്ങൾക്ക് ഡിമാൻഡ് നോട്ടീസ് നല്കിയതിന്റെയും, നികുതി ഈടാക്കുന്നതിനായി സ്വീകരിച്ച നടപടികളുടെയും വിവരവും ലഭ്യമാക്കുന്നതിനായി കൊടുത്ത ഓഡിറ്റ് എൻക്വയറി നം 36/04.12.2023 ന മറുപടി ലഭ്യമാക്കിയിട്ടില്ല.യഥാസമയം തൊഴിൽ നികുതി ഒടുക്കാത്ത പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി പലിശ അടക്കം പിരിച്ചെടുക്കാൻ തുടർനടപടികൾ സ്വീകരിച്ച് വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-17 വിവിധ പദ്ധതികളുടെ ധന വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ വിവരിക്കുന്ന വിവിധ പദ്ധതികളുടെ ധന വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടിയോ ബന്ധപ്പെട്ട രേഖകളോ ലഭ്യമാക്കിയില്ല .

| പദ്ധതി നമ്പർ | പദ്ധതിയുടെ പേര് | അടങ്കൽ തുക, ഫണ്ടിനം | ചെലവ് തുക | ലഭ്യമാക്കേണ്ടത് | ബിൽ നമ്പർ: തീയതി, തുക | ഓഡിറ്റ് അന്വേഷണം |
|---|---|---|---|---|---|---|
| 332/23 | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 1,15,000/-, വികസന ഫണ്ട് പൊതു വിഭാഗം | 1,14,678/- | കെ. എസ്.ഇ.ബി. | 351/ 13.02.2023, 1,14,678/- | 27/23, 30.11.2023 |
| 260/23 | വിവിധ വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 2,50,000/-, വികസന ഫണ്ട് പൊതു വിഭാഗം | 2,47,260/- | കെ. എസ്.ഇ. ബി. | 1. 472/ 15.03.202, 22,542/-<br>2. 88/ 22.08.2022, 16,925/-<br>3.113/ 03.09.2022, 16,168/-<br>4.130/ 20.09.2022, 30,015/-<br>5.182/ 09.11.2022, 41,427/-<br>6.334/ 02.02.2023, 73,654/-<br>7.350/ 13.02.2023, 40,999/-<br>8.420/ 01.03.2023, 5,530/- | 27/23, 30.11.2023 |
| 300/23 | കൊപ്പം ജംഗ്ഷൻ -താലൂക്ക് ആശുപ്രതി വരെ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ വാർഡ് - 16 | 8,00,000, സി.എഫ്.സി | 7,77,322/- | കേരള വാട്ടർ അതോറിറ്റി | 227/ 09.12.2022, 7,77,322/- | 27/23, 30.11.2023 |
| 84/23 | ഒറ്റക്കടി മീനാങ്കൽ ഭാഗം പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ വാർഡ് -11 | 2,84,288, ധനകാര്യ കമ്മിഷൻ അവാർഡ് | 2,84,260/- | കേരള വാട്ടർ അതോറിറ്റി | 422/ 01.03.2023, 2,84,260/- | 27/23, 30.11.2023 |
| 334/23 | കൊപ്പം ജംഗ്ഷൻ താലൂക്ക് ആശുപത്രി വരെ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 2,84,288, ധനകാര്യ കമ്മിഷൻ അവാർഡ് | 2,84,288/- | കേരള വാട്ടർ അതോറിറ്റി | 424/ 01.03.2023, 2,84,288/- | 27/23, 30.11.2023 |

| | | | | | | |
|---|---|---|---|---|---|---|
| 67/23 | കല്ലാർ മൂന്ന് സെൻ്റ് കോളനി മാമൂട് ഭാഗം പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ വാർഡ് - 5 | 2,84,268, ധനകാര്യ കമ്മിഷൻ അവാർഡ് | 2,83,770/- | കേരള വാട്ടർ അതോറിറ്റി | 344/10.02.2023, 2,83,770/- | 27/23, 30.11.2023 |
| 69/23 | മുല്ലച്ചിറ കൊച്ചു മുല്ലച്ചിറ ഭാഗം പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ വാർഡ് - 09 | 2,84,288, ധനകാര്യ കമ്മിഷൻ അവാർഡ് | 2,84,280/- | കേരള വാട്ടർ അതോറിറ്റി | 223/ 09.12.2022, 2,84,280/- | 27/23, 30.11.2023 |
| 85/23 | കെ.പി.എസ്.എം. പള്ളി മുതൽ പോറ്റിക്കുന്ന് വരെ പൈപ്പ് ലൈൻ നീട്ടൽ വാർഡ് - 15 | 2,84,288, ധനകാര്യ കമ്മിഷൻ അവാർഡ് | 2,84,288/- | കേരള വാട്ടർ അതോറിറ്റി | 224/ 09.12.2022, 2,84,288/- | 27/23, 30.11.2023 |
| 66/23 | പൊന്നാം ചുണ്ട് ജംഗ്ഷൻ ചരുവിള ഇറച്ചിപ്പാറ ഭാഗം പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ വാർഡ് – 3 | 2,84,288, ധനകാര്യ കമ്മിഷൻ അവാർഡ് | 2,83,980/- | കേരള വാട്ടർ അതോറിറ്റി | 226/ 09.12.2022, 2,83,980/- | 27/23, 30.11.2023 |
| 68/23 | വാളേങ്കി കാരിക്കുന്ന് റോഡ് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ വാർഡ് - 6 | 2,84,288, ധനകാര്യ കമ്മിഷൻ അവാർഡ് | 2,79,900/- | കേരള വാട്ടർ അതോറിറ്റി | 225/ 09.12.2022, 2,79,900/- | 27/23, 30.11.2023 |
| 65/23 | ചായം - ആലൈ വിളാകം വട്ടക്കരിക്കകം ശാസ്താംകാവ് പന്നിക്കോണം ഭാഗം പൈപ്പ് ലൈൻ ദീർലിപ്പിക്കൽ വാർഡ് -2 | 2,84,288, ധനകാര്യ കമ്മിഷൻ അവാർഡ് | 2,84,270/- | കേരള വാട്ടർ അതോറിറ്റി | 423/ 01.03.2023, 2,84,270/- | 27/23, 30.11.2023 |
| 64/23 | ദർപ്പ വാവുപുര പൈപ്പ് ലൈൻ ദിർഘിപ്പിക്കൽ വാർഡ് - 1 | 2,84,288, ധനകാര്യ കമ്മിഷൻ അവാർഡ് | 2,84,288/- | കേരള വാട്ടർ അതോറിറ്റി | 421/ 01.03.2023, 2,84,288/- | 27/23, 30.11.2023 |
| 36/2023 | ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (സ്പിൽ ഓവർ) | 59,518/-, തനത് ഫണ്ട് | 12,419/- (28293) * | കെ.എസ്.ഇ.ബി. | 1.4/05.05.2022, 15,874/- 2.32/13.06.2022, 12,419/- * | 32/23, 02.12.2023 |
| 220/2023 | സാമൂഹ്യ സുരക്ഷാ മിഷന് വിഹിതം നൽകൽ | 50,000/-, തനത് ഫണ്ട് | 50,000/- | സാമൂഹ്യ സുരക്ഷാ മിഷൻ | 146/07.10.2023, 50,000/- | 32/23, 02.12.2023 |
| 258/2023 | ജല ജീവൻ മിഷൻ - പഞ്ചായത്ത് വിഹിതം നൽകൽ | 84,00,00/-, വികസന ഫണ്ട് പൊതു വിഭാഗം | 84,00,00/- | കേരള വാട്ടർ അതോറിറ്റി | 147/ 07.10.2022, 8,40,000/- | 32/23, 02.12.2023 |

| | | | | | | |
|---|---|---|---|---|---|---|
| 221/2023 | ഐ.കെ.എം. വിഹിതം നൽകൽ | 1,23,350/- വികസന ഫണ്ട്- പൊതു വിഭാഗം | 1,23,350/- | ഐ.കെ.എം. | 141/ 03.10.2022, 1,23,350/- | 32/23, 02.12.2023 |
| 253/2023 | ജില്ലാ ആസൂത്രണ സമിതി - സെക്രട്ടറിയേറ്റ് മന്ദിര നിർമ്മാണം വിഹിതം നൽകൽ | 3,50,000/- വികസന ഫണ്ട് പൊതു വിഭാഗം | 3,50,000/- | ജില്ലാ ആസൂത്രണ സമിതി സമിതി | 138/ 01.10.2022, 3,50,000/- | 32/23, 02.12.2023 |
| | | ആകെ | 5084227 | | | |

*സുലേഖ ചെലവ് പത്രിക പ്രകാരം 12,419/- രൂപയാണ് തനത് ഫണ്ടിലെ ചെലവായി രേഖപ്പെടുത്തിയിരിക്കുന്നതെങ്കിലും എ.സി.ആർ പ്രകാരം 28293 രൂപയാണ് ചെലവ്. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

കൈമാറിയ തുകയുടെ ധന വിനിയോഗ സാക്ഷ്യപത്രം അനുബന്ധ രേഖകൾ എന്നിവ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-18 വനിതകൾക്ക് യോഗ പരിശീലനം അധികമായി നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്

| | | |
|---|---|---|
| പ്രൊജക്റ്റ് നമ്പർ | 269/23 | |
| പേര് | വനിതകൾക്ക് യോഗ പരിശീലനം | |
| ഫണ്ട് | അടങ്കൽ | ചെലവ് |
| വികസന ഫണ്ട് (ജനറൽ) | 24,000 | 21,200 |
| ബിൽ നമ്പർ (ബിൽ ബുക്ക് പ്രകാരം) | 5/17.2.2023<br>7/6.03.2023<br>8/18.03.2023 | |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ- ആയുർവേദം | |

വനിതകൾക്ക് യോഗപരിശീലനം നൽകുന്നതിനായി ആരംഭിച്ച മേൽ പ്രോജക്ടിൽ യോഗ പരിശീലനാർത്ഥികളുടെ അറ്റൻഡൻസ് രജിസ്റ്റർ പ്രകാരം ഫെബ്രുവരി 7-ാം തീയതി പരിശീലന സെക്ഷൻ നടന്നതായി കാണുന്നില്ല. എന്നാൽ പരിശീലകയുടെ അറ്റൻഡൻസ് രജിസ്റ്ററിൽ ഇന്നേ തീയതിയിൽ (7/2/2023) ഒപ്പിട്ടു ശമ്പളം കൈപറ്റിയിരിക്കുന്നു . പരിശീലന ക്ലാസ് നടത്തുന്ന ദിവസം മാത്രം ശമ്പളം നൽകുന്നതിനാണ് പദ്ധതിയുമായി ബന്ധപ്പെട്ട് ചമച്ച കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഈ ദിവസം പരിശീലന സെക്ഷൻ നടക്കാതെ വേതനം നൽകിയതിനുള്ള കാരണം ഓഡിറ്റ് എൻക്വയറി നമ്പർ 28/22-23 വഴി അന്വേഷിച്ചെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. അധികമായി നൽകിയ 400 രൂപ (ഒരു ദിവസത്തെ വേതനം) തിരികെ ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-19 കോവിഡ് ആരോഗ്യമേഖലയിലെ പ്രവർത്തനങ്ങൾ - ചെലവ് രേഖകൾ പരിശോധനയ്ക്ക് നൽകിയില്ല. 1,05,000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പദ്ധതി നമ്പർ, പദ്ധതിയുടെ പേര് | 167/2023, കോവിഡ് ആരോഗ്യമേഖലയിലെ പ്രവർത്തനങ്ങൾ - കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ (സ്പിൽ ഓവർ) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, (Chc) |
| അടങ്കൽ തുക | 2,90,277/- |
| ചെലവ് തുക | 1,95,000/ (വികസന ഫണ്ട് 90,000, തനത് ഫണ്ട്- 1,05,000) |
| ബിൽ നമ്പർ: | 1. തനത് ഫണ്ട്<br>653/30-3-23 – 105000 |

| | |
|---|---|
| | 2. വികസന ഫണ്ട്-<br>29/6-6-22 – 10000<br>30/6-6-22- 10000<br>42/ 5-7-22- 20,000<br>49/7-7-22- 20000<br>82/16-8-22- 20000<br>133/ 26-9-22- 10000 |

പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു

1. മേൽ പദ്ധതിയിൽ നിയമിതരായിട്ടുള്ള ജീവനക്കാരുടെ (ശ്രീ.ദിലീപ് ഡി വി, ശ്രീമതി ഹസീന) വേതന വ്യവസ്ഥകൾ, നിയമന കാലാവധി, നിയമനം സംബന്ധിച്ച് ഉത്തരവ് എന്നിവ സംബന്ധിച്ച വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (38/04.12.2023) മറുപടി ലഭ്യമാക്കിയില്ല.

2. ബിൽനം. **653/30.05.2023** പ്രകാരമുള്ള **1,05,000/- രൂപയുടെ** ചെലവ് രേഖകൾ പരിശോധനയ്ക്ക് നൽകിയില്ല. (ഓഡിറ്റ് അന്വേഷണം 38/04.12.2023)

ഓഡിറ്റ് ആവശ്യപ്പെട്ട രേഖകൾ സഹിതം മറുപടി ലഭ്യമാക്കുന്നതുവരെ 1,05,000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സത്തിൽ വയ്ക്കുന്നു.

## 1-20 സ്മാർട് ഗാർബേജ് മോണിട്ടറിങ്ങ് സിസ്റ്റം -154900/- രൂപയുടെ ടാക്സ് ഇൻവോയ്സുകൾ ലഭ്യമാക്കിയില്ല. തുക തടസ്സത്തിൽ വയ്ക്കുന്നു.

| | |
|---|---|
| പദ്ധതി നമ്പർ, പദ്ധതിയുടെ പേര് | 313/23, സ്മാർട് ഗാർബേജ് മോണിട്ടറിങ്ങ് സിസ്റ്റം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ തുക | 2,04,900 |
| ചെലവ് തുക | 2,04,900 (വികസന ഫണ്ട് , പൊതുവിഭാഗം സാധാരണ വിഹിതം- 135000, തനത് ഫണ്ട് – 69900 ) |
| ബിൽ നമ്പർ: | 358/ 14.02.2023, 1,35,000/- (വികസന ഫണ്ട് )<br>359/14-2-23- 69900(തനത് ഫണ്ട്) |

സ്മാർട് ഗാർബേജ് മോണിട്ടറിങ്ങ് സിസ്റ്റം എന്ന പദ്ധതിയുമായി ബന്ധപ്പെട്ട് 2022 -23 സാമ്പത്തിക വർഷം 2,04,900 രൂപ കെൽട്രോണിൽ നിന്നും ലഭ്യമായ പ്രഫോമ ഇൻവോയിസിന്റെ അടിസ്ഥാനത്തിൽ കൈമാറിയതിൽ (1. എസ്.ജി.എം.എസ്.- എ /2581/22-23,08.02.2023 - 62,000/- , 2. എസ്.ജി.എം.എസ്. /538/22-23,08.02.2023 - 1,42,900/- ) ആകെ 50,000/- രൂപയുടെ ടാക്സ് ഇൻവോയ്സ് (9872,18.03.2023) മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. ടാക്സ് ഇൻവോയ്സിന്റെ അഭാവത്തിൽ ബാക്കി നിൽക്കുന്ന 154900 (204900-50000) യ്ക്ക് അനുസൃതമായ ഇനങ്ങൾ ഗ്രാമപഞ്ചായത്തിന് ലഭ്യമായിട്ടുണ്ടെന്ന് ഓഡിറ്റിന് ബോധ്യപ്പെട്ടിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (29/01.12.2023) മറുപടി ലഭ്യമാക്കിയില്ല.

നടപടികൾ സ്വീകരിച്ച് ബന്ധപ്പെട്ട രേഖകൾ സഹിതം മറുപടി ലഭ്യമാക്കുന്നതുവരെ തൻവർഷം ചെലവഴിച്ച 154900 (204900-50000) രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

## 1-21 അതി ദാരിദ്ര്യ നിർമ്മാർജ്ജന ഉപ പദ്ധതി - ചെലവ് രേഖകൾ ലഭ്യമാക്കിയില്ല. 40,145 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

പദ്ധതി നമ്പർ : 317/2023
പദ്ധതിയുടെ പേര് : അതി ദാരിദ്ര്യ നിർമ്മാർജ്ജന ഉപ പദ്ധതി - ആരോഗ്യപരിപാലന പ്രവർത്തനങ്ങൾ
നിർവ്വഹണ ഉദ്യോഗസ്ഥൻ: മെഡിക്കൽ ഓഫീസർ -സി.എച്ച്.സി
അടങ്കൽ തുക :50,000/-
ചെലവ് തുക :40,145/-
ഫണ്ടിനം :വികസന ഫണ്ട് – പൊതുവിഭാഗം, സാധാ. വിഹിതം
ബിൽ നമ്പർ: തീയതി : 607/28-3-2023

അതി ദാരിദ്ര്യ നിർമ്മാർജ്ജന ഉപ പദ്ധതി - ആരോഗ്യപരിപാലന പ്രവർത്തനങ്ങൾ എന്ന പദ്ധതിയുമായി ബന്ധപ്പെട്ട് 40,145/- രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും ചെലവ് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല. രേഖകൾ

ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (38/04.12.2023) മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കുന്നതുവരെ തൻവർഷം 40,145 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സത്തിൽ വയ്ക്കുന്നു.

## 1-22 ജില്ലാ ക്യാൻസർ നിയന്ത്രണ പരിപാടി - ടാക്സ് ഇൻവോയ്സുകൾ പരിശോധനയ്ക്ക് നൽകിയില്ല

പദ്ധതി നമ്പർ :273/2023

പദ്ധതിയുടെ പേര് : ജില്ലാ ക്യാൻസർ നിയന്ത്രണ പരിപാടി

അടങ്കൽ തുക :20,000/-

ചെലവ് തുക : 20,000/-

ഫണ്ടിനം :വികസന ഫണ്ട്

ബിൽ നമ്പർ: തീയതി, തുക :

1. 520/ 23.03.2023, 6,579/-
2. 557/ 25.03.2023, 13,421/-

ജില്ലാ ക്യാൻസർ നിയന്ത്രണ പരിപാടി എന്ന പദ്ധതിയ്ക്കായി ഇൻ ഹൌസ് ഡ്രഗ് ബാങ്ക് എന്ന സ്ഥാപനത്തിന് പ്രഫോമ ഇൻവോയിസ് നം. 10629@N/2023/3, 20.03.2023 പ്രകാരം 6,579/ യും സിഡ്കോയുടെ , 21.02.2023 ലെ പ്രഫോമ ഇൻവോയിസിന്റെ അടിസ്ഥാനത്തിൽ 13,421/- രൂപയും നല്കിയിട്ടുണ്ട്. എന്നാൽ കൈമാറിയ തുകയ്ക്ക് അനുസൃതമായ വസ്തുക്കൾ ലഭ്യമാക്കിയതിന്റെ ടാക്സ് ഇൻവോയിസ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ടാക്സ് ഇൻവോയ്സുകൾ പരിശോധനയ്ക്ക് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (38/04.12.2023) മറുപടി ലഭ്യമാക്കിയില്ല. കൈമാറിയ തുകയ്ക്ക് അനുസൃതമായ ഇനങ്ങളുടെ ടാക്സ് ഇൻവോയിസ് , ലഭ്യമായ സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങൾ സഹിതം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-23 ആരോഗ്യ ജാഗ്രത പ്രവർത്തനങ്ങൾ (സ്പിൽ ഓവർ) -പദ്ധതിയുമായി ബന്ധപെട്ട ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമായില്ല 11600 രൂപ തടസ്സപെടുത്തുന്നു

പദ്ധതി നമ്പർ : 166/23

പദ്ധതിയുടെ പേര് : ആരോഗ്യ ജാഗ്രത പ്രവർത്തനങ്ങൾ (സ്പിൽ ഓവർ)

നിർവ്വഹണ ഉദ്യോഗസ്ഥൻ: മെഡിക്കൽ ഓഫീസർ (സി.എച്ച്.സി)

അടങ്കൽ തുക :11,600/-

ചെലവ് തുക : 11,600/-

ഫണ്ടിനം :തനത് ഫണ്ട്

ബിൽ നമ്പർ: തീയതി, തുക : 399/ 23.02.2023, 11,600/-

മേൽ പദ്ധതിയുമായി ബന്ധപ്പെട്ട ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. രേഖകൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (38/04.12.2023) മറുപടി ലഭ്യമാക്കിയില്ല. ചെലവ് രേഖകളുടെ അഭാവത്തിൽ പദ്ധതി വഴി ചെലവഴിച്ച 11,600/ രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ചെലവ് രേഖകൾ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-24 എം.ജി.എൻ.ആർ.ജി.എസ്.സെക്ഷൻ ആഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങൾ - കെൽട്രോണിൽ നിന്നുമുള്ള ടാക്സ് ഇൻവോയ്സുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

പദ്ധതി നമ്പർ : 37/23

പദ്ധതിയുടെ പേര് : എം.ജി.എൻ.ആർ.ജി.എസ്.സെക്ഷൻ ആഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ

അടങ്കൽ തുക : 90,000/- ( വികസന ഫണ്ട് പൊതുവിഭാഗം - 40000/-, തനത് ഫണ്ട് - 50000/-)

ചെലവ് തുക : 71,734/- ( വികസന ഫണ്ട് പൊതുവിഭാഗം - 36694/-, തനത് ഫണ്ട് - 35040/-)

മേൽ പദ്ധതിയിൽ കെൽട്രോണിൽ നിന്നുമുള്ള പ്രൊഫോർമ ഇൻ വോയ്സ് (റ്റി.വി.എം./ഐറ്റിബിജി/പിഐ/ആർസി /43462/22-23, 07.12.2022, 36,694 & റ്റി.വി.എം./ഐറ്റിബിജി/പിഐ/ആർസി/43461/22-23, 07.12.2022, 35,040) മാത്രമാണ് ഫയലിൽ ഉള്ളത്. കെൽട്രോണിൽ നിന്നുമുള്ള ടാക്സ് ഇൻവോയ്സുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. കംപ്യൂട്ടറുകളും ലാപ്ടോപ്പും അനുബന്ധ ഉപകരണങ്ങളും സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (29/01.12.2023) മറുപടി ലഭ്യമാക്കിയില്ല. ഉപകരണങ്ങൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-25 കേരളോത്സവം 2022 -ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല- 123800/-രൂപ

**തടസ്സപ്പെടുത്തുന്നു.**

പദ്ധതി നമ്പർ : 314/23
പദ്ധതിയുടെ പേര് : കേരളോത്സവം 2022
അടങ്കൽ തുക :150000
ചെലവ് തുക :123800
ഫണ്ടിനം :വികസന ഫണ്ട് ജനറൽ
ബിൽ നമ്പർ തുക തീയതി :219/ 09.12.20222,15,610/-
:205/ 29.11.2022,10,990/-
:284/ 12.01-.2023,97,200/-

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ കേരളോത്സവം 2022 എന്ന പദ്ധതിയുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് അന്വേഷണം - 40/04.12.2023) ചെലവ് രേഖകളുടെ അഭാവത്തിൽ 123800/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

**1-26 ഐ.എസ്.ഒ.സർട്ടിഫിക്കേഷൻ - കാലാവധി പുതുക്കലുമായി ബന്ധപ്പെട്ട് വരുന്ന ചെലവുകൾ ലഭ്യമായിട്ടില്ല-32382/- രൂപ തടസ്സപ്പെടുത്തുന്നു**

പദ്ധതി നമ്പർ : 262/23
പദ്ധതിയുടെ പേര് :ഐ.എസ്.ഒ.സർട്ടിഫിക്കേഷൻ - കാലാവധി പുതുക്കലുമായി ബന്ധപ്പെട്ട് വരുന്ന ചെലവുകൾ
അടങ്കൽ തുക : 293912/- ( വികസന ഫണ്ട് പൊതു വിഭാഗം – 50000/-, ധനകാര്യ കമ്മീഷൻ അവാർഡ് – 243912/-)
ചെലവ് തുക : 32382/- (വികസന ഫണ്ട് പൊതു വിഭാഗം)
ബിൽ നമ്പർ : 441/03.03.2023

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഐ.എസ്.ഒ.സർട്ടിഫിക്കേഷൻ - കാലാവധി പുതുക്കലുമായി ബന്ധപ്പെട്ട് വരുന്ന ചെലവുകൾ എന്ന പദ്ധതിയുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. രേഖകൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (40/04.12.2023) മറുപടി ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക 32382/- രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

**1-27 പൊതുജനാരോഗ്യ വിഭാഗത്തിന് ലാപ്ടോപ് പ്രോജക്ടർ വാങ്ങൽ (സ്പിൽ ഓവർ) - പദ്ധതിയുമായി ബന്ധപ്പെട്ട ചെലവ് രേഖകൾ പരിശോധനയ്ക്ക് നൽകിയില്ല - 37451/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.**

പദ്ധതി നമ്പർ : 165/23
പദ്ധതിയുടെ പേര് : പൊതുജനാരോഗ്യ വിഭാഗത്തിന് ലാപ്ടോപ്പ് പ്രോജക്ടർ വാങ്ങൽ (സ്പിൽ ഓവർ)
അടങ്കൽ തുക :66,700/-
ചെലവ് തുക :37,451/-
ഫണ്ടിനം : മെയിന്റനൻസ് ഫണ്ട് റോഡിതരം
നിർവഹണം : മെഡിക്കൽ ഓഫീസർ, പി.എച്ച്.സി
ബിൽ നമ്പർ : 558/25.03.2023

മേൽ പദ്ധതിയുമായി ബന്ധപ്പെട്ട പ്രോജക്ട് ഫയൽ, ചെലവ് രേഖകൾ, ബന്ധപ്പെട്ട സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. രേഖകൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (38/04.12.2023) മറുപടി ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക 37451/- തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

**1-28 സ്ത്രീപദവി പഠനം - പെണ്ണടയാളങ്ങൾ പദ്ധതി പൂർത്തിയാക്കിയില്ല**

| | |
|---|---|
| പ്രോജക്ട് നം. | 205/23 , |
| പദ്ധതിയുടെ പേര് | സ്ത്രീപദവി പഠനം - പെണ്ണടയാളങ്ങൾ |
| അടങ്കൽ | 38700/- ( വികസന ഫണ്ട് പൊതു വിഭാഗം) |
| ചെലവ് | 15550/- |
| ബിൽ നം. തീയതി | 381/ 21.2.23 – 10700/- |

| | |
|---|---|
| | 518/23.3.23 - 4850/ |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |

സ്ത്രീപദവി പഠനം നടപ്പിലാക്കുന്നതിനുള്ള വിവരശേഖരണം നടത്തുന്നതിനും, ആയതിലേയ്ക്ക് ഡേറ്റാ എന്യൂമറേറ്റർമാർക്ക് പരിശീലനവും , വേതനവും അനുബന്ധ ചെലവുകൾക്കുമായി 38700/- രൂപ വികസന ഫണ്ടിൽ നിന്നും വകയിരുത്തിയിരുന്നു. ഇതിൽ തൻവർഷം 15550/- ചെലവഴിച്ചിട്ടുണ്ട്. മറ്റ് വിവരങ്ങളൊന്നും തന്നെ ഫയലിൽ ലഭ്യമല്ല. പദ്ധതി പൂർത്തീകരിച്ചിട്ടുള്ളതാണോയെന്നും, നിലവിലെ വവിരങ്ങളും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ( No.18/23.dt.29.11.23) ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. സ്ത്രീപദവി പഠന സർവ്വേ പൂർത്തിയായതിനുശേഷം ഡേറ്റ ജില്ലാപഞ്ചായത്തിൽ അയച്ചിരുന്നു.തുടർനടപടിയായി ഡേറ്റ അനാലിസിസ് നടത്തി അതാത് പഞ്ചായത്തിന്റെ സ്ത്രീപദവി പഠനം ബുക്ക് ആക്കിനൽകുമെന്നും പുസ്തക പ്രകാശനം 2023 മാർച്ച് 8 വനിതാദിനത്തിൽ നടത്തുമെന്നും ജില്ലാ പഞ്ചായത്തിൽ നിന്നും അറിയിച്ചിരുന്നുവെങ്കിലും ടി സാമ്പത്തികവർഷം പൂർത്തിയായിട്ടില്ലായെന്നും , ആയതിനാൽ സ്പിൽഓവർ ആയി പദ്ധതി പൂർത്തീകരിക്കുന്നതിന് വച്ചിട്ടുള്ളതാണെന്നും അറിയിച്ചിട്ടുണ്ട്. ആയതിനാൽ പ്രസ്തുത പദ്ധതിയുടെ തുടർ വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-29 ഭിന്നശേഷിക്കാർക്കുള്ള സഹായ ഉപകരണങ്ങൾ - സ്റ്റോക്ക് രജിസ്റ്റർ അപാകത

| | |
|---|---|
| പ്രോജക്റ്റ് നം. | 208/23 |
| പദ്ധതിയുടെ പേര് | ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണങ്ങൾ വാങ്ങൽ |
| അടങ്കൽ | 500000/- |
| ചെലവ് | 464648/- |
| ബിൽ നം. തീയതി | BRNo -3896/14.3.23 – 144000/-<br>BRNo -8253/31.3.23 - 320648/- |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ വിളൂര ഗ്രാമ പഞ്ചായത്ത് |

മേൽ പദ്ധതി പ്രകാരം ഭിന്നശേഷിക്കാർക്ക് വിതരണം ചെയ്യുന്നതിനായി 144000/- രൂപ ചെലവഴിച്ച് കെൽട്രോണിൽ നിന്നും 18 ശ്രവണസഹായിയും , Kerala State Handicapped Persons Welfare Corporation LTD ൽ നിന്നും 320648/- രൂപയുള്ള വിവിധ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്. വിതരണ വിവരങ്ങൾ , സ്റ്റോക്ക് രജിസ്റ്റർ എന്നിവ ഓഡിറ്റിന് ഹാജരാക്കിയെങ്കിലും കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ലാത്തിനാൽ പരിശോധിച്ച് ബോധ്യപ്പെടാൻ സാധിച്ചിട്ടില്ല. ഒരു ഗുണഭോക്താവിന് എത്ര ശ്രവണ സഹായി , മറ്റ് സഹായ ഉപകരണങ്ങൾ വിതരണം ചെയ്യുവെന്നറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (No.21/29.11.23) നി.ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കി. ENTഡോക്ടർ നിർദ്ദേശിച്ചത് പ്രകാരം ഒരു ഗുണഭോക്താവിന്റെ വൈകല്യം അനുസരിച്ചാണ് രണ്ടു ശ്രവണ സഹായി വിതരണം ചെയ്തതെന്നും, ഭിന്നശേഷിക്കാർക്ക് മെഡിക്കൽ ക്യാമ്പ് നടത്തി PMR ഡോക്ടറുടെ മെഡിക്കൽ റിപ്പോർട്ട് പ്രകാരം 27 ഗുണഭോക്താക്കൾക്ക് ഉപകരണങ്ങൾ വിതരണം ചെയ്തുവെന്നും, ഗുണഭോക്താവിന്റെ വൈകല്യം അനുസരിച്ച് ഡോക്ടറുടെ നിർദ്ദേശ പ്രകാരമുള്ള എല്ലാ ഉപകരണങ്ങളും നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

വിതരണം ചെയ്യുന്നതിനായി വാങ്ങുന്ന ഉപകരണങ്ങളുടെ വിവരം കൃത്യമായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയും ഗുണഭോക്താക്കളുടെ കൈപ്പറ്റ് രസീത് വാങ്ങിയും ഗുണഭോക്താക്കൾക്ക് ഉപകരണങ്ങൾ വിതരണം ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-30 പൊതുശ്മശാന നിർമ്മാണം - പൂർത്തിയായിട്ടില്ല

1)

| | |
|---|---|
| പ്രോജക്റ്റ് നം. | SO 159/2022-23 |
| പദ്ധതിയുടെ പേര് | പൊതുശ്മശാന നിർമ്മാണം - പ്രാരംഭപ്രവർത്തനങ്ങൾ (ചുറ്റുമതിൽ) |
| അടങ്കൽ ആകെ | 1382000/- വികസന ഫണ്ട് -ധനകാര്യ കമ്മീഷൻ അവാർഡ് |
| ചെലവ് ആകെ | 1381312/- ( Bill No – 105/2.9.22 ) വികസനഫണ്ട് - ധനകാര്യ |

| | |
|---|---|
| | കമ്മീഷൻ അവാർഡ് |
| നിർവഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |

2)

| | |
|---|---|
| പ്രോജക്ട് നം | New 83/23 |
| പദ്ധതിയുടെ പേര് | പൊതുശ്മശാന നിർമ്മാണം - മുന്നൊരുക്ക പ്രവർത്തനങ്ങൾ |
| അടങ്കൽ ആകെ | 2500000/- വികസന ഫണ്ട് -ധനകാര്യ കമ്മീഷൻ അവാർഡ് |
| ചെലവ് | 2498141/- ( Bill No – 377/21.2.23) വികസന ഫണ്ട് -ധനകാര്യ കമ്മീഷൻ അവാർഡ് |
| നിർവഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |

വിളര ഗ്രാമപഞ്ചായത്തിൽ പെതുശ്മശാനം നിർമ്മിക്കുന്നതിനായി വാങ്ങിയ സ്ഥലത്ത് പ്രാരംഭ മുന്നൊരുക്ക പ്രവർത്തനങ്ങൾ നടത്തുന്നതിനായും , ചുറ്റമതിൽ നിർമ്മിക്കുന്നതിനായും മേൽപ്പറഞ്ഞ പ്രകാരം തുകകൾ വകയിരുത്തുകയും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ശ്മശാന നിർമ്മാണത്തിനായി സ്ഥലം വാങ്ങിയതുമായി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിന് ഹാജരാക്കിയതനുസരിച്ച് ശ്മശാന നിർമ്മാണം നടക്കുന്ന സൈറ്റ് 1.12.23 2.30pm ന് നിർവഹണദ്യോഗസ്ഥയുടെ സാന്നിധ്യത്തിൽ പരിശോധന നടത്തുകയുണ്ടായി. ചരിഞ്ഞ് ചെങ്കുത്തായി കിടക്കുന്ന ഭൂമിയാണ് ശ്മശാന നിർമ്മാണത്തിനായി വാങ്ങിയിട്ടുള്ളത്. ചരിഞ്ഞുകിടക്കുന്ന ഭൂമിയുടെ ഏറ്റവും താഴെ ഭാഗത്തായി കോൺക്രീറ്റ് ഭിത്തി നിർമ്മാണം നടത്തിയിട്ടുണ്ട്. പ്രസതുത സ്ഥലം കാട് പിടിച്ച് കിടക്കുന്ന അവസ്ഥയിലായതിനാൽ എത്ര

മീറ്റർ നിർമ്മാണം നടത്തിയെന്നതിന്റെ അളവ് പരിശോധിച്ച് ബോധ്യപ്പെടാനായില്ല. ചെങ്കുത്തായ ഈ പ്രദേശം മണ്ണിട്ട് നികത്തിയാൽ മാത്രമേ ശ്മശാന നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുവാൻ സാധിക്കുകയുള്ളു.

റോഡിനോട് ചേർന്ന് കിടക്കുന്ന ഭാഗത്തുനിന്നും വലിയൊരളവിൽ മണ്ണ് നീക്കം ചെയ്തിട്ടുണ്ട്. നീക്കം ചെയ്ത മണ്ണ് പണി നടക്കുന്ന സൈറ്റിൽ തന്നെ നിക്ഷേപിച്ചിട്ടില്ല . മണ്ണ് പുറത്ത് കൊണ്ടുപോകുന്നതിന് അനുമതി നൽകിയിട്ടുണ്ടെങ്കിൽ ആയതുമായി ബന്ധപ്പെട്ട രേഖകൾ/ കമ്മറ്റി തീരുമാനം ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് എന്നിവയും, Detailed Project Report, ശ്മശാനിർമ്മാണവുമായി ബന്ധപ്പെട്ട് നാളിതുവരെ ചെയ്ത പ്രവർത്തികളുടെ വിവരങ്ങളും സാമ്പത്തിക വർഷം തിരിച്ച് ലഭ്യമാക്കേണ്ടതാണ്.പ്രസ്തുത വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (No.31/2.12.23) മറുപടി ലഭ്യമാക്കിയില്ല. ചുറ്റമതിൽ നിർമ്മാണത്തിനായി പദ്ധതി ആവിഷകരിച്ചുവെങ്കിലും അപ്രകാരമുള്ള നിർമ്മാണം നടന്നിട്ടില്ല. ആയതിനാൽ ടി വിഷയത്തിൽ പഞ്ചായത്ത് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 1-31 വൗച്ചർ പ്രകാരമുള്ള ചെലവ് സാധൂകരിക്കുന്ന രേഖകൾ ഉൾപ്പെടുത്തിയിട്ടില്ല

വൗച്ചർ പരിശോധനയിൽ ശ്രദ്ധയിൽ പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

| തീയതി | തുക | വൗച്ചർ നം/ ചെക്ക് നം | അപാകം |
|---|---|---|---|
| 28/02/23 | 41300 | 7497143 | ചെലവുരേഖ ഉൾപ്പെടെയുള്ള അനുബന്ധ രേഖകൾ. സെമിനാറിന്റെ മിനിട്സിന്റെ കോപ്പി എന്നിവ ലഭ്യമാക്കിയിട്ടില്ല. |
| 01/03/23 | 30780/- | 22201177 | Advertisement Charge ഇനത്തിൽ ചെലവായ 30780/- രൂപയിൽ 18340/- രൂപയുടെ കൈപ്പറ്റ് രേഖ മാത്രമാണ് ഉള്ളടക്കം ചെയ്തിട്ടുള്ളത്. ബാക്കി തുകയുടെ ചെലവു രേഖ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. |
| 03/03/23 | 22250/- | 22201206 | ചെലവുമായി ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കിയിട്ടില്ല. |
| 03/03/23 | 166682/- | JH 7497145 | ടി തുകയുടെ ചെലവു രേഖയും കൈപ്പറ്റ് രേഖയും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല |
| 09/03/23 | 15000/- | 22201233 | ടി കെട്ടിടത്തിന്റെ വാടക പഞ്ചായത്ത് നൽകാനിടയായ സാഹചര്യം വ്യക്തമാക്കിയിട്ടില്ല. |
| 16/03/23 | 15000/- | 22201257 | അങ്കണവാടികളുടെ കറന്റ് ബിൽ, വാട്ടർ ബിൽ എന്നിവ അടവാക്കിയ |

| | | | |
|---|---|---|---|
| | | | രേഖയും ബില്ലിന്റെ പകർപ്പും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. |
| 16/03/23 | 148378/- | JH 7497149 | ടി തുകയുടെ ചെലവു രേഖയും കൈപ്പറ്റ് രേഖയും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. |

ഇതിനാവശ്യമായ വിശദീകരണം ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (15/22, 28/11/23) മറുപടി ലഭ്യമാക്കിയില്ല. മേൽ ചെലവുകൾക്കുള്ള അനുബന്ധ രേഖകൾ ഹാജരാക്കേണ്ടതാണ്.

## 1-32 സോളാർ ഫെൻസിംഗ് - സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല

പദ്ധതി നമ്പർ : 177/2023
പദ്ധതിയുടെ പേര് : സോളാർ ഫെൻസിംഗ്
അടങ്കൽ തുക :44,00,000/-
ചെലവ് തുക :21,93,300/-
ഫണ്ടിനം : വികസന ഫണ്ട് പൊതുവിഭാഗം
നിർവഹണം : കൃഷി ഓഫീസർ

സ.ഉ. (സാധാ) നം.1530/2022/ത.സ്വ.ഭ.വ. തീയതി 25.06.2022 ഖണ്ഡിക 3 പ്രകാരം സൗരോർജ്ജ വേലി സ്ഥാപിച്ചതിന് ശേഷം അതിന്റെ പരിപാലനത്തിന് ഗ്രാമ പഞ്ചായത്ത് തന്നെ ഒരു നിരീക്ഷണ സമിതി രൂപീകരിച്ച് ദിവസേനയുള്ള പരിപാലനം നടപ്പിലാക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ അതിന്റെ പ്രവർത്തനങ്ങളെ സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് അന്വേഷണം 16/28.11.2023) പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുവെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പ് വരുത്തേണ്ടതാണ്.

## 1-33 ജലസേചന പമ്പ് സെറ്റ് വിതരണം - അപേക്ഷകളിൽ അപാകതകൾ

പദ്ധതി നമ്പർ :194/23
പദ്ധതിയുടെ പേര് : ജലസേചന പമ്പ് സെറ്റ് വിതരണം
അടങ്കൽ തുക : 5,10,000/- ( വികസന ഫണ്ട് പൊതു വിഭാഗം - 255000/-, മറ്റുള്ളവ - 255000/-)
ചെലവ് തുക : 2,48,055/- (വികസന ഫണ്ട് പൊതു വിഭാഗം)
നിർവഹണം : കൃഷി ഓഫീസർ

പ്രോജക്ട് പരിശോധനയിൽ ശ്രദ്ധയിൽ പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) അപേക്ഷകരുടെ വിവരങ്ങൾ അപേക്ഷാ ഫാറങ്ങളിൽ രേഖപ്പെടുത്തുന്നില്ല.
ഉദാ:- വിഷ്ണു പി വി
2)അപേക്ഷകളിൽ ഗുണഭോക്താവ് ഒപ്പ് വയ്ക്കുന്നില്ല
ഉദാ :- വീണ ആർ
3) കൃഷി അസിസ്റ്റൻറ് പദ്ധതിയുടെ ആനുകൂല്യം അനുവദിക്കാവുന്നതാണെന്നുള്ള ശുപാർശ രേഖപ്പെടുത്തുന്നില്ല.
ഉദാ :- ഗിരിജ
4) കൃഷി ഓഫീസർ അനുമതി ഉത്തരവ് രേഖപ്പെടുത്തുന്നില്ല.
ഉദാ :- വിജയ കുമാർ എ
5) ഗുണഭോക്താവിന്റെ അപേക്ഷ പ്രകാരമുള്ള ബാങ്ക് അക്കൗണ്ട് നമ്പരും , തുക കൈമാറിയ ബാങ്ക് അക്കൗണ്ട് നമ്പരും തമ്മിൽ വ്യത്യാസം ഉണ്ട്.
എ) ധന്യ മോൾ
അപേക്ഷ പ്രകാരമുള്ള ബാങ്ക് അക്കൗണ്ട് നമ്പർ - 40622635856
തുക കൈമാറിയ ബാങ്ക് അക്കൗണ്ട് നമ്പർ - 40350101015285
ബി) ദിവ്യ എസ്
അപേക്ഷ പ്രകാരമുള്ള ബാങ്ക് അക്കൗണ്ട് നമ്പർ - 4678101006141
തുക കൈമാറിയ ബാങ്ക് അക്കൗണ്ട് നമ്പർ - 40350101011313

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (22 / 29.11.2023) മറുപടി ലഭ്യമാക്കിയില്ല. അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-34 ഹരിത സഹായ സ്ഥാപനത്തിന് കൺസൾട്ടൻസിക്ക് ഫീസ് നൽകൽ - ടാക്സ് ഇൻവോയ്സുകൾ ലഭ്യമാക്കിയില്ല

(1) പദ്ധതി നമ്പർ : 328/23
പദ്ധതിയുടെ പേര് : ഹരിത സഹായ സ്ഥാപനത്തിന് കൺസൾട്ടൻസിക്ക് ഫീസ് നൽകൽ

അടങ്കൽ തുക : 1,89,351/- (വികസന ഫണ്ട് പൊതുവിഭാഗം – 159351/-, തനത് ഫണ്ട് – 30000/-)
ചെലവ് തുക : 1,47,273/- (വികസന ഫണ്ട് പൊതുവിഭാഗം)
നിർവഹണം : സെക്രട്ടറി
(2) പദ്ധതി നമ്പർ : 39/23
പദ്ധതിയുടെ പേര് : ഹരിത സഹായ സ്ഥാപനത്തിന് കൺസൾട്ടൻസി ഫീസ് നൽകൽ
അടങ്കൽ തുക : 73,766/- ( വികസന ഫണ്ട് പൊതുവിഭാഗം )
ചെലവ് തുക : 63,117/-
നിർവഹണം : സെക്രട്ടറി

മേൽ പദ്ധതികൾ പ്രകാരം നിയോ എനർജി എന്ന സ്ഥാപനത്തിന് കൺസൾട്ടൻസി ഫീസ് ഇനത്തിൽ വിവിധ മാസങ്ങളിലായി 1,47,273/- രൂപ, 63,117/- രൂപ എന്നീ തുകകൾ നൽകിയിട്ടുണ്ട്. എന്നാൽ ഈ തുകകളുടെ പ്രോഫോർമ ഇൻവോയ്സുകൾ മാത്രമാണ് പരിശോധനയ്ക്ക് നൽകിയിട്ടുള്ളത്. ടാക്സ് ഇൻവോയ്സുകൾ പരിശോധനയ്ക്ക് നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (27 /30.11.2023) മറുപടി ലഭ്യമാക്കിയില്ല. ടാക്സ് ഇൻവോയ്സുകൾ, 2022-23 വർഷത്തെ പ്രവർത്തന റിപ്പോർട്ട് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-35 ലൈഫ് ഭവന പദ്ധതി പ്രകാരം നല്കിയ ഗഡുക്കളുടെ വിവരം രേഖപ്പെടുത്തിയ രജിസ്റ്റർ ലഭ്യമാക്കിയില്ല

| പ്രോജക്ട് നം., പേര് | അടങ്കൽ/ ചെലവ് |
|---|---|
| 49, ലൈഫ് മിഷൻ-ഭൂമിയുള്ള ഭവനരഹിതർക്ക് ഭവന നിർമ്മാണം (പട്ടിക വർഗ്ഗം) | 34700000<br>( മറ്റ് ബ്ലോക്ക് പഞ്ചായത്ത്-157, മറ്റുള്ളവ- 3,46,99,843) |
| | 320000<br>( മറ്റുള്ളവ) |
| 54, ലൈഫ് ഭവന നിർമ്മാണം , പട്ടിക വർഗ്ഗം | 12340000<br>(വികസന ഫണ്ട്- ടി.എസ്.പി- 8200, സംസ്ഥാനാവിഷ്കൃത ഫണ്ട്- 6700000, മറ്റ് ബ്ലോക്ക് പഞ്ചായത്ത്-140000, മറ്റ് ജില്ലാ പഞ്ചായത്ത് - 971800, മറ്റുള്ളവ – 4520000) |
| | 4990000<br>( സംസ്ഥാനാവിഷ്കൃത ഫണ്ട്- 4190000, മറ്റുള്ളവ- 800000) |

2022-23 സാമ്പത്തിക വർഷം വി.ഇ.ഒ നിർവ്വഹണം നടത്തിയ മേൽ സ്പിൽ ഓവർ പദ്ധതികൾ വഴി ഭവന നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ ഗുണഭോക്താക്കൾക്ക് ഗഡുക്കളായി തുക നല്കിയിട്ടുണ്ട്. എന്നാൽ മുൻ സാമ്പത്തിക വർഷങ്ങളിൽ അനുവദിച്ച ഗഡുക്കൾ സംബന്ധിച്ച രേഖപ്പെടുത്തൽ നടത്തിയിട്ടുള്ള രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. രജിസ്റ്റർ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നം. 33/2.12.23 ന് മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. രജിസ്റ്ററിന്റെ അഭാവത്തിൽ അർഹതപ്പെട്ടതിലും കൂടുതൽ തുക ഗുണഭോക്താക്കൾക്ക് നല്കിയിട്ടുണ്ടോ , കരാർ കാലാവധി പൂർത്തിയാക്കിയിട്ടും ഭവന നിർമ്മാണം പൂർത്തിയാക്കാത്ത/ ആരംഭിക്കാത്ത ഗുണഭോക്താക്കളുണ്ടോ , നല്കിയ തുക ഗുണഭോക്താവ് കൈപ്പറ്റിയിട്ടുണ്ടോ തുടങ്ങിയ വിവരങ്ങൾ പരിശോധിച്ച് ബോധ്യപ്പെടാൻ സാധിച്ചിട്ടില്ല. രജിസ്റ്റർ കാലികമാക്കി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-36 പി.എം.എ.വൈ അധിക വിഹിതം നൽകൽ - പൂർണ്ണമായ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല. 1570000 രൂപ തടസ്സപ്പെടുത്തുന്നു.

| പ്രോ. നം. / പേര് | അടങ്കൽ | ചെലവ് |
|---|---|---|
| 234, പി.എം.എ.വൈ അധിക വിഹിതം നൽകൽ ജനറൽ നിർവഹണം- വി.ഇ.ഒ, വിതുര | 1330000 (വികസന ഫണ്ട്, പൊതുവിഭാഗം - സാധാരണ വിഹിതം) | 1120000<br>(ബിൽ നം. 194/ 25-11-2022- 700000, |

| | | |
|---|---|---|
| സർക്കിൾ | | 236/ 19-12-2022 – 280000<br>428/ 02-03-2023- 70000<br>456/ 10-03-2023- 70000) |
| 232 പി.എം.എ.വൈ അധിക വിഹിതം നൽകൽ - പട്ടിക ജാതി നിർവഹണം- വി.ഇ.ഒ ചായം സർക്കിൾ | 540000 (വികസന ഫണ്ട്- എസ്-സി-പി) | 450000<br>(ബിൽ നം. 267/ 29-12-2022- 360000,<br>560/ 25-03-2023 – 90000) |

2022-23 സാമ്പത്തിക വർഷം വി.ഇ.ഒ നിർവ്വഹണം നടത്തിയ മേൽ പദ്ധതികളുമായി ബന്ധപ്പെട്ട് പൂർണ്ണമായ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. പദ്ധതിയുടെ സാംഖ്യ ബില്ലുകൾ മാത്രമാണ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടുള്ളത്. പദ്ധതിയുടെ പ്രോജക്ട് രൂപീകരണ ഫോറം ലഭ്യമാക്കാത്തതിനാൽ പദ്ധതിയുടെ പ്രധാനപ്പെട്ട ലക്ഷ്യവും പ്രവർത്തനവും സംബന്ധിച്ച് വ്യക്തതയില്ല. തുക കൈപ്പറ്റിയിരിക്കുന്നത് PMAY ഗുണഭോക്താക്കളാണെന്നും ബ്ലോക്ക് പഞ്ചായത്തിന്റെ ഇ-മെയിൽ സന്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് ടി ഗുണഭോക്താക്കൾക്ക് തുക കൈമാറിയിരിക്കുന്നത് എന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ വാക്കാൽ ഓഡിറ്റിനെ അറിയിച്ചെങ്കിലും ടി തുക കൈപ്പറ്റിയ ഗുണഭോക്താക്കളുടെ അർഹതാ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച ഇ-മെയിൽ സന്ദേശത്തിന്റെ പകർപ്പും ലഭ്യമാക്കിയിട്ടില്ല. തുക കൈപ്പറ്റിയ വ്യക്തികളുടെ അർഹത ബോധ്യപ്പെടുത്തുന്ന രേഖകൾ, ബ്ലോക്കിൽ നിന്നും ലഭിച്ച നിർദ്ദേശത്തിന്റെ പകർപ്പ് , പദ്ധതിയുമായി ബന്ധപ്പെട്ട മറ്റ് രേഖകൾ എന്നിവ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നം. 33/02.12.23 ന് മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. അവശ്യ രേഖകളുടെ അഭാവത്തിൽ പ്രോ നം. 234, 232 എന്നിവ വഴി ആകെ ചെലവഴിച്ച 1570000 രൂപ (1120000+450000 ) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മുഴുവൻ രേഖയും ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-37 വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട രജിസ്റ്ററുകളിലെ വിവരങ്ങൾ അപൂർണ്ണം

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ് നിർവ്വഹണം നടത്തിയ വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട രജിസ്റ്ററുകളിലെ വിവരങ്ങൾ അപൂർണ്ണമാണ്. ഹാജരാക്കിയ രജിസ്റ്ററുകൾ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. പൂർണ്ണമായ വിവരങ്ങൾ ചേർത്തിട്ടുമില്ല. സ്പിൽ ഓവർ പദ്ധതികളായി തുടരുന്ന ഭവന പുനരുദ്ധാരണം, ഭവന നിർമ്മാണം എന്നീ പ്രോജക്ടുകളിൽ പോലും ഗഡുക്കളായി നല്കുന്ന തുക സംബന്ധമായ രേഖപ്പെടുത്തൽ കൃത്യമായി നടത്തിയിട്ടില്ല. നൂറു കണക്കിന് ഗുണഭോക്താക്കളുള്ള ഇത്തരം പദ്ധതികളുടെ നടത്തിപ്പ് വിവരം ക്രോഡീകരിച്ച് രജിസ്റ്ററിൽ രേഖപ്പെടുത്താത്തത് പദ്ധതി നടത്തിപ്പ് സംബന്ധിച്ച് തെറ്റായ വ്യാഖ്യാനങ്ങളിൽ എത്തുന്നതിനുള്ള സാധ്യത വർദ്ധിപ്പിക്കുന്നു. രജിസ്റ്റർ പരിപാലനത്തിലെ അപാകങ്ങൾ ഉദാഹരണമായി ചുവടെ ചേർക്കുന്നു.

**1.**

| | | |
|---|---|---|
| പ്രോജക്ട് നം. പേര് | 236, വീട് വാസയോഗ്യമാക്കൽ , ജനറൽ | 237, വീട് വാസയോഗ്യമാക്കൽ - പട്ടിക ജാതി വിഭാഗം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ | വി.ഇ.ഒ |
| അടങ്കൽ | 5100000 (വികസന ഫണ്ട്, പൊതുവിഭാഗം , സാധാരണ വിഹിതം) | 3150000 (വികസന ഫണ്ട്-എസ്.സി.പി -3113100, തനത് ഫണ്ട്-36900 ) |
| ചെലവ് | 4700000 | 2925000 (വികസന ഫണ്ട്-എസ്.സി.പി) |

പ്രോജക്ട് നം. 236 (വീട് വാസയോഗ്യമാക്കൽ - ജനറൽ) , 237 (വീട് വാസയോഗ്യമാക്കൽ പട്ടിക ജാതി വിഭാഗം) എന്നിവ വഴി ഗഡുക്കളായി ധനസഹായം ഗുണഭോക്താക്കൾക്ക് അനുവദിച്ച് നല്കിയിട്ടുണ്ടെങ്കിലും പദ്ധതിയുമായി ബന്ധപ്പെട്ട രജിസ്റ്ററിൽ അനുവദിച്ച് നല്കിയ ഗഡു എത്രയാണെന്ന വിവരം രേഖപ്പെടുത്തിയിട്ടില്ല. ചില ഗുണഭോക്താക്കളുടെ ഒപ്പ് മാത്രം രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെങ്കിലും കൈപ്പറ്റിയ തുക എത്രയാണെന്ന യാതൊരു വിധ സാക്ഷ്യപ്പെടുത്തലും ഇല്ല. പൂർണ്ണമായ വിവരങ്ങൾ രജിസ്റ്ററിൽ ചേർക്കാത്തതിന് വിശദീകരണം അറിയിക്കാനും അനുവദിച്ച ഗഡുക്കൾ സംബന്ധിച്ച വിവരങ്ങളുടെ അഭാവത്തിൽ ടി ഗുണഭോക്താക്കൾക്ക് അധികമായി തുക അനുവദിച്ചിട്ടില്ല എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പ് വരുത്തിയതെങ്ങനെയാണെന്ന വിവരം അറിയിക്കാനും

ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നം. 33 ന് മറുപടി നല്കിയിട്ടില്ല.

2.

| | |
|---|---|
| പ്രോജക്റ്റ് നം. പേര് | 55 ലൈഫ് ഭവന നിർമ്മാണം- പട്ടിക വർഗ്ഗം (സ്പിൽ ഓവർ) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ |
| അടങ്കൽ | 2780000<br>(വികസന ഫണ്ട്, എസ്.സി.പി -80000, സംസ്ഥാനാവിഷ്കൃത ഫണ്ട്- 800000, മറ്റ് ബ്ലോക്ക് പഞ്ചായത്ത്- 100000, മറ്റ് ജില്ലാ പഞ്ചായത്ത്- 100000, മറ്റുള്ളവ- 1700000) |
| ചെലവ് | 560000<br>(വികസന ഫണ്ട്, എസ്.സി.പി -80000, സംസ്ഥാനാവിഷ്കൃത ഫണ്ട്-200000, മറ്റുള്ളവ-280000 |

I) പ്രോ.നം. 55 ലൈഫ് ഭവന നിർമ്മാണം- പട്ടിക വർഗ്ഗം - വഴി ഗുണഭോക്താക്കൾക്ക് അനുവദിച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | അനുവദിച്ച തുക | ആനുകൂല്യം കൈപ്പറ്റിയ വ്യക്തിയുടെ പേര്, തുക |
|---|---|---|
| 1 | 40000 | സുകന്യ എസ്. |
| 2 | 40000 | രാധ എം |
| 3 | 200000 | ജയൻ - 100000 |
| | | സുകന്യ- 100000 |
| 4 | 160000 | ശോഭന L |
| 5 | 120000 | ജയൻ - 60000 |
| | | സുകന്യ- 60000 |

ഗുണഭോക്താക്കൾക്ക് നല്കിയ ഗഡുവുമായി ബന്ധപ്പെട്ട രേഖപ്പെടുത്തൽ നടത്തിയ രജിസ്റ്ററിൽ സുകന്യ , ശോഭന S, ജയൻ ബി, ശോഭന L, രാജേഷ് ബി എന്നീ ഗുണഭോക്താക്കൾക്ക് 2021-22 സാമ്പത്തിക വർഷം മുതൽ അനുവദിച്ച് നല്കിയ ഗഡുക്കളുടെ വിവരം രേഖപ്പെടുത്തിയിട്ടുണ്ട്. ( പേജ് നം. 1 മുതൽ 9 വരെ) .എന്നാൽ പട്ടികയിൽ ഉൾപ്പെട്ട രാധ എം എന്ന വ്യക്തിയുമായി ബന്ധപ്പെട്ട യാതൊരു വിധ രേഖപ്പെടുത്തലും നടത്തിയിട്ടില്ല. ഗുണഭോക്താവിന്റെ വിവരം ടി രജിസ്റ്ററിൽ ഉൾപ്പെടാത്തതിന് വിശദീകരണം ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി നം. 33/02.12.23 വഴി ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

II)സുകന്യ എസ് ന് 4,00,000 രൂപയും ജയൻ ബി യ്ക്ക് 3,60,000 രൂപയും ശോഭന എൽ ന 3,00,000 രൂപയും രാജേഷ് ബി എന്ന വ്യക്തിയ്ക്ക് 200000 രൂപയുമാണ് (പ്രോ നം. 58/23 വഴി നല്കിയ 160000 രൂപ ഉൾപ്പെടെ) വിവിധ ഘട്ടങ്ങളിലായി ആകെ നല്കിയിരിക്കുന്ന തുക. എസ് ശോഭന എന്ന വ്യക്തിയ്ക്ക് 2-9-2021 ന് 40000 രൂപ മുൻകൂറായി നല്കിയെങ്കിലും നാളിതുവരെ ടി വ്യക്തി പണി പൂർത്തീകരിച്ചതായി കാണുന്നില്ല. ആദ്യ ഗഡുവായി 40000 രൂപ അനുവദിച്ചതിന് ശേഷം മറ്റ് ഗഡുക്കൾ കൈമാറിയത് സംബന്ധിച്ച് യാതൊരുവിധ രേഖപ്പെടുത്തലും രജിസ്റ്ററിൽ നടത്തിയിട്ടില്ല. ടി വ്യക്തിയുടെ ഭവനനിർമ്മാണവുമായി ബന്ധപ്പെട്ട നിലവിലെ അവസ്ഥ അറിയിക്കാൻ ഓഡിറ്റ് എൻക്വയറി നം. 33/02.12.23 വഴി ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ടി ഗുണഭോക്താവിന്റെ ഭവന നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥ അനുബന്ധ രേഖകൾ സഹിതം അറിയിക്കേണ്ടതാണ്. ടി വ്യക്തി കരാർ പ്രകാരമുള്ള പ്രവൃത്തികൾ ആരംഭിച്ചിട്ടില്ലാത്ത/ പൂർത്തീകരിച്ചിട്ടില്ലാത്ത പക്ഷം നല്കിയ തുക തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

3. പ്രോ നം. 222/23,ലൈഫ് ഭവന നിർമ്മാണം- ജനറൽ ഘട്ടം 4 എന്ന പദ്ധതി വഴി ലൈഫ് പദ്ധതി വിഹിതം കൈമാറിയത് സംബന്ധിച്ച രേഖപ്പെടുത്തൽ നടത്തിയ രജിസ്റ്ററിൽ 2022-23 സാമ്പത്തിക വർഷം ഗഡുക്കൾ കൈപ്പറ്റിയ 40 ഗുണഭോക്താക്കളുടെ വിവരം ചേർത്തിട്ടുണ്ട്. (പേജ് നം. 3-81). എന്നാൽ 2022-23 സാമ്പത്തിക വർഷം ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾക്ക് ഗഡുക്കളായി തുക അനുവദിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത വിവരം ബന്ധപ്പെട്ട രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

സുശീല ജെ- 40000 (ബിൽ നം .56/ 28-3-23)

ജയകുമാരി- 80000 (ബിൽ നം . 57/31-3-23, 59/ 31-3-23)

ജമീലാ ബീവി- 40000 (ബിൽ നം .40/8-3-23)

രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തൽ നടത്താത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതും, രജിസ്റ്ററിലെ വിവരങ്ങൾ കാലികമാക്കി നിർവ്വഹണ ഉദ്യോഗസ്ഥന്റെ സാക്ഷ്യപ്പെടുത്തലോടു കൂടി ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

**1-38 ഗുണഭോക്താവിന്റെ പേരിലെ അവ്യക്തത, കൃത്യമായ വിശദീകരണത്തിന്റെയും രേഖകളുടെയും അഭാവത്തിൽ 50000 രൂപ തടസ്സപ്പെടുത്തുന്നു.**

| | |
|---|---|
| പ്രോജക്ട് നം. പേര് | 236/23 വീട് വാസയോഗ്യമാക്കൽ -ജനറൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ, വിതുര സർക്കിൾ |
| അടങ്കൽ | 5100000 വികസന ഫണ്ട് പൊതു വിഭാഗം സാധാരണ വിഹിതം |
| ചെലവ് (ബിൽ ബുക്ക് പ്രകാരം) | 4700000<br>(24/7-12-23- 1050000,<br>25/8-12-23-150000,<br>28/28-12-23- 500000,<br>29/28-12-23- 50000,<br>33/13-01-23- 200000,<br>35/ 21-01-23- 550000,<br>37/ 27-02-23- 650000,<br>39/8-3-23- 50000,<br>42/ 8-3-23- 500000,<br>43/ 8-3-23- 150000,<br>46/ 16-3-23- 100000,<br>47/ 17-3-23- 50000,<br>49/18-3-23-200000,<br>51/20-3-23-50000<br>53/25-3-23- 150000,<br>55/28-3-23- 50000<br>58/31-3-23- 250000) |

2022-23 സാമ്പത്തിക വർഷത്തിൽ വീട് വാസയോഗ്യമാക്കൽ -ജനറൽ എന്ന പദ്ധതി വഴി 5100000 രൂപ വകയിരുത്തുകയും 4700000 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ നടത്തിപ്പിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. 50000 രൂപ വീതമുള്ള രണ്ട് ഗഡുക്കളായാണ് ഭവന പുനരുദ്ധാരണത്തിനായി തുക നൽകിയിരിക്കുന്നത്. ടി പദ്ധതിയുമായി ബന്ധപ്പെട്ട രജിസ്റ്ററിലെ പേജ് നം. 3 മുതൽ 35 വരെ 50 ഗുണഭോക്താക്കളുടെ വിവരം ചേർത്തിട്ടുണ്ട്. എന്നാൽ നല്കിയ ഗഡു സംബന്ധമായ വിവരം രജിസ്റ്ററിൽ ചേർത്തിട്ടില്ല. ചില ഗുണഭോക്താക്കൾ മാത്രം തുക കൈപ്പറ്റിയതായി കാണിച്ച് ഒപ്പ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും കൈപ്പറ്റിയ തുക എത്രയാണെന്ന് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

2. രജിസ്റ്ററിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല

3. ശ്രീമതി എന്ന ഗുണഭോക്താവിന് ബിൽ നം. 49/22-23 Dt. 18-03-2023 വഴി 50000 രൂപ നല്കിയിട്ടുണ്ടെങ്കിലും പ്രസ്തുത ഗുണഭോക്താവിനെ സംബന്ധിക്കുന്ന വിവരവും നല്കിയ ഗഡുക്കളുടെ വിവരവും രജിസ്റ്ററിൽ ചേർത്തിട്ടില്ല

4. ട്രഷറി ബിൽ നം. 42/22-23 വഴി 500000 രൂപ (10 ഗുണഭോക്താക്കൾക്ക് 50000 രൂപ വീതമുള്ള ഗഡുക്കളായി) നൽകിയതിന്റെ സാംഖ്യ ബിൽ പരിശോധിച്ചതിൽ ക്രമ നം. 3 പ്രകാരം രേഖപ്പെടുത്തിയിരിക്കുന്ന ഗുണഭോക്താവിന്റെ പേര് **SJLATKA** എന്നാണ്. പേര് വ്യക്തമല്ല. (Ac/ 57057466961). ഗുണഭോക്താവിന്റെ പേരിലെ അവ്യക്തതയ്ക്ക് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. ടി ഗഡു നല്കിയതുമായി ബന്ധപ്പെട്ട പൂർണ്ണമായ വിവരങ്ങൾ ബന്ധപ്പെട്ട UTR നമ്പർ സഹിതം ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി നം . 41 വഴി ആവശ്യപ്പെട്ടെങ്കിലും മറുപടി നല്കിയിട്ടില്ല.

5. ബിൽ നം. 24/ 22-23 Dt. 7-12-2022 വഴി സാലി എം.എം ( എം മുഹമ്മദ് സാലി) എന്ന വ്യക്തിയ്ക്ക് 50000 രൂപ നല്കിയിട്ടുണ്ട് (രജിസ്റ്ററിൽ നല്കിയ ഗഡു സംബന്ധിച്ച വിവരം രേഖപ്പെടുത്തിയിട്ടില്ല . പേജ് നം. 31). ബന്ധപ്പെട്ട രേഖകളിൽ പ്രവൃത്തി സംബന്ധിച്ച മോണിറ്ററിംഗ് റിപ്പോർട്ട് , വാല്യുവേഷൻ റിപ്പോർട്ട് എന്നിവ ഉൾപ്പെട്ടിട്ടില്ല. നാളിതു വരെ ഭവന പുനരുദ്ധാരണം പൂർത്തീകരിക്കാൻ തയ്യാറാകാത്ത സാഹചര്യത്തിൽ ഗുണഭോക്താവിന് നൽകിയ 50,000 രൂപ തിരികെ ഈടാക്കുന്നതിന് 27-09-2023 ന് ടി വ്യക്തിയ്ക്ക് കത്ത് നല്കിയിട്ടുണ്ട്. തുടർ നടപടി വിവരം അറിയിക്കാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നം. 41/02.12.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

രജിസ്റ്ററിലെ വിവരങ്ങൾ കാലികമാക്കി നിർവ്വഹണ ഉദ്യോഗസ്ഥന്റെ സാക്ഷ്യപ്പെടുത്തലോടു കൂടി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. ട്രഷറി ബിൽ നം. 42/22-23 വഴി 'SJLATKA' എന്ന പേരിൽ 50000 രൂപ നല്കിയിരിക്കുന്നതിന് കൃത്യമായ വിശദീകരണം ലഭ്യമാക്കാത്ത സാഹചര്യത്തിൽ ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. കൃത്യമായ വിശദീകരണം അനുബന്ധ രേഖകൾ സഹിതം ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

സാലി എം.എം എന്ന ഗുണഭോക്താവ് നാളിതു വരെ ഭവന പുനരുദ്ധാരണം പൂർത്തീകരിക്കാൻ തയ്യാറാകാത്ത സാഹചര്യത്തിൽ ടിയാൾക്ക് ഭവന പുനരുദ്ധാരണത്തിനായി നല്കിയ തുക കരാർ പ്രകാരമുള്ള പലിശ സഹിതം ഈടാക്കുകയും പ്രസ്തുത വിവരം അനുബന്ധ രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-39 ഗ്രാമ പഞ്ചായത്ത് ആഫീസിലേക്ക് ലാപ്ടോപ്പ്, പ്രിന്റർ വാങ്ങൽ - പ്രിന്റർ ലഭ്യമായതിന്റെ ടാക്സ് ഇൻവോയ്സ് ഹാജരാക്കിയില്ല

പദ്ധതി നമ്പർ : 335/23
പദ്ധതിയുടെ പേര് : ഗ്രാമ പഞ്ചായത്ത് ആഫീസിലേക്ക് ലാപ്ടോപ്പ്, പ്രിന്റർ വാങ്ങൽ
അടങ്കൽ തുക : 1,39,800/-
ചെലവ് തുക : 1,37,339/-
ഫണ്ടിനം : വികസന ഫണ്ട്
ബിൽ നമ്പർ: തീയതി, തുക : 579/ 25.03.2023, 1,37,339/-
നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

ഭരണസമിതിയുടെ 18.03.2023 ൽ നടന്ന 2 (26) നമ്പർ തീരുമാനപ്രകാരം ലാപ്ടോപ്പ്, പ്രിന്റർ എന്നിവ ജെം മുഖേന വാങ്ങുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. എന്നാൽ, എത് കമ്പനിയിൽ നിന്നുമാണ് വാങ്ങുന്നതെന്നോ, എത്ര രൂപയുള്ളതെന്നോ യോഗ തീരുമാനത്തിൽ രേഖപ്പെടുത്തിയിട്ടില്ല.

മേൽ പദ്ധതിയിൽ കെ.എം.ടെക്നോളജിയിൽ നിന്നും പർച്ചേസ് ചെയ്ത ലാപ്ടോപ്പിന്റെ ടാക്സ് ഇൻ വോയ്സുകൾ മാത്രമാണ് ഫയലിൽ ഉള്ളത്. ( 1. കെ.എം.ആർ/22-23/2632,14.03.2023, 68,000/-, 2. കെ.എം.ആർ/22-23 /2727,16.03.2023, 48,100/- ). പ്രിന്റർ വാങ്ങിയതിന്റെ 21,239/- രൂപയുടെ ടാക്സ് ഇൻ വോയ്സ് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (29/01.12.2023) മറുപടി ലഭ്യമാക്കിയില്ല. പ്രിന്റർ ലഭ്യമായതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ബ്ളോക്ക് പഞ്ചായത്ത്

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് (ചെലവു പത്രിക പ്രകാരം) | നീക്കിയിരിപ്പ്AFS പ്രകാരം |
|---|---|---|---|---|
| 610000 | 1700097 | 2310097 | 1700097 | 610000 |

ജില്ലാ പഞ്ചായത്ത്

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് (ചെലവു പത്രിക പ്രകാരം) | നീക്കിയിരിപ്പ്AFS പ്രകാരം |
|---|---|---|---|---|
| 0 | 1800713 | 1800713 | 1800713 | 0 |

| ക്രമനം | വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| 1 | ജില്ലാ പഞ്ചായത്ത് | | | സ്നേഹസ്പർശം മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 199500 | 0 |
| 2 | | | | ലൈഫ് ഭവന നിർമ്മാണവും പട്ടിക ജാതി സ്റ്റേജ് 4 | 1520000 | 0 |
| 3 | | | | ലൈഫ് ഭവന പദ്ധതി -ജനറൽ | 40000 | 0 |
| | | | | ക്ഷീരസമൃദ്ധി | 21213 | 0 |
| | | | | മെറിറ്റോറിയസ് സ്കോളർഷിപ്പ് | 20000 | 0 |
| 1 | ബ്ളോക്ക് പഞ്ചായത്ത് | | | ന്യൂലൈഫ് ലക്ഷം വീട് പുനരുദ്ധാരണം | 520000 | 0 |
| 2 | | | | ന്യൂലൈഫ് ലക്ഷം വീട് പുനരുദ്ധാരണം | 300000 | 0 |
| 3 | | | | സ്നേഹസ്പർശം മാനസിക വെല്ലുവിളി നേരിടുന്ന കുടുംബങ്ങൾക്കുള്ള സ്കോളർഷിപ്പ് | 199500 | 0 |
| 4 | | | | ക്ഷീരസമൃദ്ധി | 200000 | 0 |

| | | | | | |
|---|---|---|---|---|---|
| 5 | | | ഗോത്രസാരഥി --പട്ടിക വർഗ വിദ്യാർത്ഥികൾക്ക് യാത്രാ സൗകര്യം ഒരുക്കൽ | 480597 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾ

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നിക്കീയിരിപ്പ് |
|---|---|---|---|---|---|
| കെ എസ് ഇ ബി | 651207 | 0 | 651207 | 374357 | 765885 |
| വാട്ടർ അതോറിറ്റി | 10336811 | 148195 | 10485006 | 3330646 | 10064462 |

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | തൻ വർഷം ചെലവഴിച്ച തുക |
|---|---|---|
| കെഎസ് ഇ ബി | ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 12419 |
| | സ്ട്രീറ്റ് ലൈൻ പുതിയ ലൈറ്റുകൾ സ്ഥാപിക്കൽ | 114678 |
| | വിവിധ വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 247260 |
| കേരള വാട്ടർ അതോറിറ്റി | കൊപ്പം ജംഗ്ഷൻ താലൂക്ക് ആശുപത്രി വരെ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 777322 |
| | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ വാർഡ് 6 | 279900 |
| | കല്ലാർ മൂന്ന് സെന്റ് കോളനി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 283770 |
| | പൊന്നാംചുണ്ട് ജംഗ്ഷൻ ചരുവിള ഇറച്ചിപ്പാറ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 283980 |
| | ഒറ്റക്കടി മീനാങ്കൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 284260 |
| | ചായം ആലൈ വിളാകം വട്ടക്കരിക്കകം ശാസ്താകാവ് പന്നിക്കോണം പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 284270 |
| | കൊച്ചുമുല്ലച്ചിറ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 284280 |
| | ദർപ്പ വാവുപുര പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 284288 |
| | കെ പി എസ് എം പള്ളി മുതൽ പോറ്റി കുന്ന് വരെ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 284288 |

| | | |
|---|---|---|
| | കൊപ്പം ജംഗ്ഷൻ താലൂക്ക് ആശുപത്രി വരെ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 284288 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

## 4-4 വായ്പാ /വായ്പാതിരിച്ചടവ്

2022-2023 സാമ്പത്തിക വർഷം വായ്പാ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻഅവശേഷികക്കുന്ന വായ്പ തുകയുടെയും വിശദ വിവരം

| വായ്പയുടെ പേര് /ഉദ്ദേശ്യം | ഉത്തരവ് നം/തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻബാക്കിയുണ്ടായിരുന്ന തുക | തൻവർഷത്തെ വായ്പാതുക | ആകെ | തൻ വർഷം തിരിച്ചടച്ച തുക | | B5 -ലെ നീക്കിയിരിപ്പ് |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| കെ യൂ ആർ ഡി എഫ് സി ലോൺ ലൈഫ് മിഷൻ | ഇല്ല | 42983000 | 10360000 | 53343000 | 9451748 | | 43891252 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി വിവരങ്ങൾ

| ക്രമനം | റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുകളുടെ പേരും ഉദ്യോഗപേരും | രസീത് നം തീയതി |
|---|---|---|---|---|---|
| 1 | 2016-17 | ഖ. 2-4 | 1805/- | NishaPillai | 1220102239/14.09.22 |
| 2 | 2015-16 | 3-5 | 4040/- | Nishapillai | 1220102240/14.09.22 |
| 3 | 2003-04 | 2-1 | 30/- | Veterinary Surgeon | 1220102241/14.09.22 |
| 4 | 2015-16 | 3-17 | 720/- | Renjitha | 1220102255/16.09.22 |
| 5 | 2014-15 | 3-8 | 104189/- | Harikumar AXE & Nishapillai | 1220102256/16.09.22 |
| 6 | 2020-21 | 1-11-2 | 2040/- | Managing Director | 1220103547/13.12.22 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4-8 ചാർജ്ജ് സർചാർജ്ജ്നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 22955056 |
| ഓഡിറ്റ് വർഷത്തെ വരവ് | 81886015 |
| ആകെ | 104841071 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 75285853 |
| നീക്കിയിരിപ്പ് | 29555218 |
| വരവിനങ്ങളുടെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളുടെ നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | **2125278** |

(ബി) പഞ്ചായത്ത്ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപേരും |
|---|---|---|
| ഇല്ല | | |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗ പേരും |
|---|---|---|
| 1-19 | 105000 | ഡോ.രശ്മി, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 1-20 | 154900 | ശ്രീ. വി.എസ്.അനുസചേതനൻ, സെക്രട്ടറി |
| 1-21 | 40145 | ഡോ.രശ്മി, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 1-23 | 11600 | ഡോ.രശ്മി, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 1-25 | 123800 | ശ്രീ. വി.എസ്. അനുസചേതനൻ, സെക്രട്ടറി |
| 1-26 | 32382 | ശ്രീ. വി.എസ്.അനുസചേതനൻ, സെക്രട്ടറി |
| 1-27 | 37451 | ഡോ.രശ്മി, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 1-36 | 1570000 | 1120000 – ശ്രീ.അജ്മൽ എ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (വിതുര സർക്കിൾ)<br>450000–ശ്രീമതി ഗൗരി ശങ്കർ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ചായം സർക്കിൾ) |
| 1-38 | 50000 | ശ്രീ. അജ്മൽ എ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (വിതുര സർക്കിൾ) |
| **ആകെ** | **2125278** | |

(ഡി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

| ക്രമ നം. | ജീവനക്കാരന്റെ പേര് | തസ്തിക | മേൽവിലാസം |
|---|---|---|---|
| 1 | ഡോ.രശ്മി | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ലഭ്യമല്ല |
| 2 | ശ്രീ.വി.എസ്.അനുസചേതനൻ | സെക്രട്ടറി | റ്റി.സി.5/1903(1) F18, PNRA, അമ്പലമുക്ക്, തിരുവനന്തപുരം |
| 3 | ശ്രീമതി. ഗൗരി ശങ്കർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | അൽമ, അരശു പറമ്പ്, കൊപ്പം |
| 4 | ശ്രീ.അജ്മൽ .എ | വില്ലേജ് എക്സ്റ്റൻഷൻ | അജ്മൽ മൻസിൽ, മാമൂട്, തെന്നൂർ, |

| | | | |
|---|---|---|---|
| | | ഓഫീസർ | പി.ഒ |

## 4-10 തീർപ്പാക്കാൻഅവശേഷിക്കുന്നഖണ്ഡികകളുടെഎണ്ണം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2003-04 | കെ.എസ്.എ.റ്റി.വി.എം/ജി.പി.6/1049/2022/31.10.2022 | 2 |
| 2004-05 | കെ.എസ്.എ.റ്റി.വി.എം/ജി.പി.6/1049/2022/31.10.2022 | 1 |
| 2005-06 | കെ.എസ്.എ.റ്റി.വി.എം/ജി.പി.6/1049/2022/31.10.2022 | 1 |
| 2006-07 | കെ.എസ്.എ.റ്റി.വി.എം/ജി.പി.6/1049/2022/31.10.2022 | 20 |
| 2007-08 | കെ.എസ്.എ.റ്റി.വി.എം/ജി.പി.6/1049/2022/31.10.2022 | 16 |
| 2008-09 | കെ.എസ്.എ.റ്റി.വി.എം/ജി.പി.6/1049/2022/31.10.2022 | 6 |
| 2009-10 | കെ.എസ്.എ.റ്റി.വി.എം/ജി.പി.6/1049/2022/31.10.2022 | 7 |
| 2010-11 | കെ.എസ്.എ.റ്റി.വി.എം/ജി.പി.6/1049/2022/31.10.2022 | 7 |
| 2011-12 | കെ.എസ്.എ.റ്റി.വി.എം/ജി.പി.6/1049/2022/31.10.2022 | 6 |
| 2012-13 | കെ.എസ്.എ.റ്റി.വി.എം/ജി.പി.6/1049/2022/31.10.2022 | 2 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം/ജി.പി.6/1049/2022/31.10.2022 | 5 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം/ജി.പി.6/1049/2022/31.10.2022 | 14 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം/ജി.പി.6/1049/2022/31.10.2022 | 11 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം/ജി.പി.6/1049/2022/31.10.2022 | 7 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം.ജി.പി.5/300/2020 തീയതി 06.04.2019 | 27 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം.ജി.പി.5/463/2020 തീയതി 05.05.2020 | 22 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം.ജി.പി.5/713/2021 തീയതി 12/04/2021 | 66 |
| 2020-21 | കെ.എസ്.എ.റ്റി.വി.എം/ജി.പി.5/678/22 തീയതി 22.06.2022 | 44 |
| 2021-22 | കെ.എസ്.എ.റ്റി.വി.എം/ജി.പി.6/457/23തീയതി 22.06.2023 | 34 |

**ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)**
**ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 31-07-2023 and submitted on 31-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Vithura Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Vithura Grama Panchayat for the year 2022-2023

**Date: 27/12/2023**

**Deputy Director(H.G)**
**District Office Trivandrum**
**Kerala State Audit Department**

# Audit Report appended to the Audit Certificate of Vithura Grama Panchayat for the Year 2022-2023 .

**1.Major Observations**

Deficit balance for the instititution . Expenditure( 295334511) exceeds income (281297544) as per Income and Expenditure Statement.

**2.Other Observations**

Other Observations

1. The mandatory Financial Statements prescribed in Accounting Rules are not included in the AFS.eg- Ratios, Notes to accounts.

2. Asset register is not updated ,certified and submitted for Audit. Hence the actual asset value can not be ascertained on verification of AFS.

3. The value of stock and stores are not ascertained and not recorded in B 14 Schedule.

4. Net increase/decrease in cash and cash equivalance ( 6600162 /-) )does not match with the sum of net cash generated by investing activities, Financing activities and operating activities(15569646).

5. Cheque uncashed for more than three months were not transferred to stale cheque account. Details are appended be

| Bank | Amount |
|---|---|
| Other co-operative Bank-(Own Fund )8000 | 3200/- |
| Indian Bank (Own fund) 955094192 | 1000/- |

6.Cheque deposited but not credited Â no action has been taken till date-details below.

| Bank | Amount | Cheque Number and Date |
|---|---|---|
| Indian Bank (Own fund) 955094192 | 9750/- | 825027 / 09.03.22 |

7. Demand Collection Balance of revenue items does not match with Annual Financial Statement.
8. DCB Registers do not match with AFS eg. Property tax register, Profession tax register
9. Following Bank Accounts existing as per the records in ILGMS are not included in AFS

Other co-operative Bank Vithura service co-operative Bank LTD (2411)

Other co-operative Bank Vithura service co-operative Bank LTD (8001

10 Directly credited by bank, No further action taken till date â An amount of Rs 1250/- shown as directly credited by bank as per Indian Bank Own Fund )A/C 955094192) has not been ascertained as income of the institution till date.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ വിതുര ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്